# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി




**SIA UNIT**

PLANET KERALA
Participatory Learning and Action Network

പ്ലാനറ്റ് കേരള
റ്റി. സി.– 8/1378 (8) ശ്രീബാബ ലൈൻ
വലിയവിള, തിരുമല. പി.ഒ
തിരുവനന്തപുരം–695006
കേരള, ഇന്ത്യ,
**#+91-471-2368188 (ഓഫീസ്)**
**#+91-9447545598 (മൊബൈൽ)**
**ഇമെയിൽ: 2001planet@gmail.com**
**വെബ്: www.planetkerala.org**

**റിപ്പോർട്ട്**
**10 സെപറ്റംബർ 2019**

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ
# പഠന റിപ്പോർട്ട്
## പുരാവസ്തു വകുപ്പിനു വേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി



SIA UNIT

**റിപ്പോർട്ട്**
**10 സെപ്റ്റംബർ 2019**


പ്ലാനറ്റ് കേരള
റ്റി. സി. – 8/1378 (8) ശ്രീബാബ ലൈൻ
വലിയവിള, തിരുമല. പി.ഒ തിരുവനന്തപുരം – 695006
കേരള, ഇന്ത്യ,
+914712368188 (ഓഫീസ്)
+919447545598 (മൊബൈൽ)

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി |
| സംസ്ഥാനം | : | കേരളം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| റവന്യൂ വില്ലേജ് | : | വഞ്ചിയൂർ |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| ഉൾപ്പെടുന്ന വാർഡ് | : | ഫോർട്ട് വാർഡ് (നമ്പർ 80) |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് (ഹെക്ടർ) | : | 0.1447 |
| ഭൂഉടമസ്ഥരുടെ വിവരം | : | 1) കിളിമാനൂർ കൊട്ടാരം വക<br>2) ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വക |
| അർഥനാധികാരി | : | ഡയറക്ടർ, പുരാവസ്തു വകുപ്പ്, തിരുവനന്തപുരം |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | : | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്, പി.എം.ജി, തിരുവനന്തപുരം |
| സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് | : | പ്ലാനറ്റ് കേരള<br>തിരുവനന്തപുരം |
| 4 (1) വിജ്ഞാപന നമ്പർ, തിയ്യതി | : | വാല്യം 8 നമ്പർ 690<br>തിയ്യതി 13 മാർച്ച് 2019 |
| പഠനം ആരംഭിച്ച തിയ്യതി | : | 10 ജൂൺ 2019 |
| കരട് റിപ്പോർട്ട് പ്രസിദ്ധീകരിച്ച തിയ്യതി | : | 19 ആഗസ്റ്റ് 2019 |
| പബ്ലിക് ഹിയറിംഗ് തിയ്യതി | : | 05 സെപ്റ്റംബർ 2019 |
| പഠനം പൂർത്തിയാക്കിയ തിയ്യതി | : | 07 സെപ്റ്റംബർ 2019 |
| റിപ്പോർട്ട് സമർപ്പിച്ച തിയ്യതി | : | 10 സെപ്റ്റംബർ 2019 |

# സംഗ്രഹം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം 30/2013) 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്.

ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07/02/2017 ാം തിയ്യതിയിലെ കെ.6-89903/16 ാം നമ്പർ ഉത്തരവുപ്രകാരം പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. 2013 ലെ നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2019 മാർച്ച് മാസം 13 ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 8 ൽ 690 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആഘാതബാധിതമായ പ്രദേശത്ത് പ്ലാനറ്റ് കേരള നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ റിപ്പോർട്ടാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്. 2013 ലെ 30 ാം നമ്പർ കേന്ദ്ര നിയമവും, 2015 ലെ അവകാശ ചട്ടങ്ങളുമനുസരിച്ച് പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും ശേഖരിച്ച്, ക്രോഡീകരിച്ച്, വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പഠന റിപ്പോർട്ട് 2019 ആഗസ്റ്റ് 19 ന് പ്രസിദ്ധീകരിക്കുകയും, കരട് റിപ്പോർട്ടിൻമേലുള്ള ചർച്ചകൾക്കും, തിരുത്തലുകൾക്കും, കൂട്ടിച്ചേർക്കലുകൾക്കുമായി 2019 സെപ്റ്റംബർ 05 ന് പബ്ലിക് ഹിയറിംഗ് നടത്തുകയും ലഭ്യമായ നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിലായി സഹകരിച്ച ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ, പുരാവസ്തു വകുപ്പ് അദ്ധ്യക്ഷൻ, മറ്റ് ഉദ്യോഗസ്ഥർ, ആവശ്യമായ സ്ഥിതിവിവരങ്ങൾ നൽകിയ ഭൂഉടമസ്ഥർ, മൂടത്തുമഠത്തിന്റെ ചരിത്രപ്രാധാന്യം, വ്യവഹാരങ്ങൾ മുതലായവയെ സംബന്ധിച്ച വിവർങ്ങൾ നൽകിയ അഭ്യുദയകാംക്ഷികൾ എന്നിവർക്ക് നന്ദി അറിയിച്ചുകൊണ്ട് ഈ പഠന റിപ്പോർട്ട് സമർപ്പിക്കുന്നു

ആന്റണി കുന്നത്ത്
ചെയർമാൻ,
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്
പ്ലാനറ്റ് കേരള, തിരുവനന്തപുരം.

## പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ




| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | തണ്ടപ്പേർ നമ്പർ | സർവ്വെ നമ്പർ |
|---|---|---|---|
| 1 | **<u>കിളിമാനൂർ കൊട്ടാരം വക</u>**<br>കിളിമാനൂർ കോയിതമ്പുരാൻ ശ്രീപണ്ടാര കാര്യംചെയ്യാർകൾ<br>മാനേജർ & മുക്തിയാർ ഹോൾഡർ<br>കിളിമാനൂർ പാലസ് | 1371 | 560/139<br>560/140 |
| | **<u>ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വക</u>**<br>1) എൽ.സി.രാമവർമ്മ<br>2) രാമവർമ്മ കോയിതമ്പുരാൻ<br>3) നീലകണ്ഠൻ നമ്പൂതിരി<br>4) രാമവർമ്മ കോയിതമ്പുരാൻ<br>5) രാജരാജവർമ്മ കോയിതമ്പുരാൻ<br>6) ലക്ഷ്മി തമ്പുരാട്ടി<br>7) രുഗ്മണി തമ്പുരാട്ടി മുതൽ 54 പേർ | 18329 | |

## ഉള്ളടക്കം


| | | |
|---|---|---|
| **അധ്യായം – 1 ആമുഖം** | | |
| 1.1 | പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും | 1 |
| 1.2 | പദ്ധതി പ്രദേശം | 2 |
| 1.3 | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി | 3 |
| 1.4 | ബദൽ സാധ്യതകൾ | 3 |
| 1.5 | സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും | 4 |
| 1.6 | വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം | 4 |
| 1.7 | സാമൂഹ്യ പ്രത്യാഘാതവും സാധ്യമായ ലഘൂകരണ മാർഗ്ഗങ്ങളുടെ വിശലനവും | 5 |
| 1.8 | സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ | 6 |
| **അധ്യായം – 2 പദ്ധതി സംബന്ധിച്ച വിവരങ്ങൾ** | | |
| 2.1 | പദ്ധതിയുടെ പശ്ചാത്തലം | 8 |
| 2.2 | പദ്ധതിയുടെ അടിസ്ഥാനം | 9 |
| 2.3 | പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം | 10 |
| 2.4 | നിർമ്മാണ ഘട്ടങ്ങൾ | 10 |
| 2.5 | നിർമ്മാണത്തിന്റെ സവിശേഷതകൾ | 11 |
| 2.6 | അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത | 11 |
| 2.7 | തൊഴിലാളികളുടെ ആവശ്യകത | 11 |
| 2.8 | മുമ്പ് നടത്തിയ പഠനങ്ങൾ | 11 |
| 2.9 | ഉപയുക്തമായ നയങ്ങളും, നിയമങ്ങളും | 11 |
| **അധ്യായം – 3 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും** | | |
| 3.1 | പശ്ചാത്തലം | 13 |
| 3.2 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും<br>സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും | 13 |
| 3.3 | ഡെസ്ക് റിസേർച്ച് | 15 |
| 3.4 | സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം | 15 |
| 3.5 | ദ്വിതീയ വിവര ശേഖരണം | 16 |
| 3.6 | പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും | 16 |
| 3.7 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം | 16 |
| 3.8 | സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും | 17 |
| 3.9 | സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും | 17 |

| | | |
|---|---|---|
| 3.10 | പൊതുസമൂഹവുമായുള്ള പര്യാലോചന (പബ്ലിക് ഹിയറിംഗ്) | 17 |
| 3.11 | പഠനത്തിന്റെ പരിമിതികൾ | 18 |
| **അദ്ധ്യായം – 4 ഭൂനിർണ്ണയം** | | |
| 4.1 | പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം | 20 |
| 4.2 | പദ്ധതിപ്രദേശത്തിന്റെ രേഖാചിത്രം | 21 |
| 4.3 | നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി | 22 |
| 4.4 | പൊതു സ്ഥലത്തിന്റെ ഉപയോഗം | 22 |
| 4.5 | ഉൽപ്പാദനദായക മുതലുകൾ സംബന്ധിച്ച് വിവരങ്ങൾ | 22 |
| 4.6 | മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ | 22 |
| **അദ്ധ്യായം – 5 മൂല്യനിർണ്ണയം** | | |
| 5.1 | പ്രത്യക്ഷമായി ബാധിക്കുന്നത് | 23 |
| 5.2 | ഉടമസ്ഥാവകാശത്തിന്റെ കാലയളവ് | 24 |
| 5.3 | പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ | 24 |
| 5.4 | ഉൽപ്പാദനക്ഷമമായ ആസ്തികൾ | 24 |
| **അദ്ധ്യായം – 6 മൂടത്ത്മഠത്തിന്റെ ചരിത്രപരമായ സവിശേഷതകൾ** | | |
| 6.1 | മൂടത്ത്മഠത്തിന്റെ ചരിത്ര പ്രാധാന്യം | 25 |
| **അദ്ധ്യായം – 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ** | | |
| 7.1 | രൂപരേഖയും, സമീപനങ്ങളും | 28 |
| 7.2 | പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 28 |
| 7.3 | വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും | 29 |
| 7.4 | പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ | 31 |
| 7.5 | സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും | 31 |
| 7.6 | നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധം | 32 |
| **അദ്ധ്യായം – 8 ഗുണദോഷ വിശകലനവും ശുപാർശകളും** | | |
| 8.1 | അന്തിമ വിശകലനം | 33 |
| **അദ്ധ്യായം – 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ സ്ഥാപനപരമായ ചട്ടക്കൂട്** | | |
| 9.1 | സ്ഥാപന ഘടനയും, പ്രധാന വ്യക്തികളും | 35 |

**പട്ടികകളുടെ വിവരം**


| **പട്ടികകൾ** | | |
|---|---|---|
| പട്ടിക 4.1 | ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | 21 |
| പട്ടിക 4.2 | ഉൽപ്പാദനദായക മുതലുകൾ | 22 |
| പട്ടിക 5.1 | നിലവിലെ സ്ഥിതിവിവരങ്ങൾ | 23 |
| പട്ടിക 7.1 | വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 28 |
| പട്ടിക 7.2 | സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും | 29 |

**അനുബന്ധം**

| | |
|---|---|
| 1 | 4 (1) വിജ്ഞാപനം |
| 2 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണ ചോദ്യാവലി |
| 3 | ആഘാത ബാധിതരാകാവുന്നവരുടെ പേര് വിവരങ്ങൾ |
| 4 | ആഘാത ബാധിതരായ അവകാശികൾ സംബന്ധിച്ച വിവരങ്ങൾ |
| 5 | അവകാശികൾ സംബന്ധിച്ച വില്ലേജ് രേഖകൾ |
| 6 | അവകാശം സംബന്ധിച്ച റീസർവ്വേ രേഖകൾ |
| 7 | ആഘാതബാധിതമായ കുടുംബങ്ങളുടെ നിർദ്ദേശങ്ങൾ/ആഘാതത്തിന്റെ തോത |
| 8 | പബ്ലിക് ഹിയറിംഗ് നോട്ടീസിന്റെ കോപ്പി |
| 9 | പബ്ലിക് ഹിയറിംഗ് പ്രോഗ്രാം |
| 10 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ പത്രക്കുറിപ്പുകൾ |
| 11 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, എസ്.ഐ.എ. പ്രതിനിധികൾ മുതലായവർ) |
| 12 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ഉടമസ്ഥർ, വാടകക്കാർ, പൊതുജനങ്ങൾ) |
| 12 | പബ്ലിക് ഹിയറിംഗ് പ്രതികരണങ്ങൾ/പരാതികൾ/നിർദ്ദേശങ്ങൾ |
| 14 | ഫോട്ടോകൾ |

# അധ്യായം – 1

## ആമുഖം

### 1.1 പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും

കേരള സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടർ അർത്ഥനാധികാരിയും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്, പി.എം.ജി, തിരുവനന്തപുരം, ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയാണ് പുരാവസ്തു വകുപ്പിനുവേണ്ടിയുള്ള മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി. കേരളത്തിലെ പുരാതനവും, ചരിത്രപ്രാധാന്യവുമുള്ള സ്മാരകങ്ങളിലെ സുപ്രധാനമായ ഒന്നാണ് തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 560/139, 560/140 എന്നീ സർവ്വെ നമ്പറുകളിലുള്ള 14.47 ആർ (35.750 സെന്റ്) ഭൂവസ്തുവും, കേരളീയ വാസ്തുശിൽപ്പ ശൈലിയിൽ നിർമ്മിച്ചിരുന്ന കെട്ടിടവും ഉൾക്കൊള്ളുന്ന മൂടത്തുമഠം. എന്നാൽ ചരിത്രപ്രാധാന്യമുള്ളതും, പുരാതനുവുമായ ഈ സ്മാരകം ജീർണ്ണാവസ്ഥയിലും, സംരക്ഷിക്കപ്പെടാത്തതിനാൽ നാശോൻമുഖവുമാണ്. പുരാതന സ്മാരകങ്ങൾ സംരംക്ഷിച്ച് കാത്ത് പരിപാലിക്കേണ്ടത് കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ, സന്ദർശകർ, പൊതുജനങ്ങൾ എന്നിവർക്ക് പുരാതനകാലത്തെ സംസ്കൃതിയെക്കുറിച്ച് അറിവ് പകരുന്നതിനും അത്യന്താപേക്ഷിതമാണ്. കോയിക്കൽ തമ്പുരാക്കൻമാരുടെ അധീനതയിലുണ്ടായിരുന്ന ഈ വസ്തുവഹകൾ കാലാകാലങ്ങളിൽ സംരക്ഷിച്ച് പരിപാലിക്കുന്നതിന് കൊട്ടാരാധികാരികൾക്ക് പലതരത്തിലുള്ള അവകാശ തർക്കങ്ങൾ കാരണം സാധിക്കാതെ വരികയും ഇന്നത്തെ ജീർണ്ണാവസ്ഥയിൽ എത്തിച്ചേരുകയുമാണുണ്ടായത്. ആയതിനാൽ ഭൂവസ്തുക്കളും, അവശേഷിക്കുന്ന സ്മാരകങ്ങളും താമസംവിനാ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള കാര്യമാണ്.

സംരക്ഷിത സ്മാരകമായി പരിഗണിച്ച് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുമ്പോൾ സാമൂഹ്യവും, പാരിസ്ഥിതികവുമായ പ്രത്യാഘാതം പരമാവധി കുറച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് പുരാവസ്തു വകുപ്പ് സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ അവശേഷിക്കുന്ന മൂടത്ത്മഠം ചരിത്രപ്രാധാന്യമുള്ള സ്മാരകമായി നിലനിർത്തി മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കുന്നതിന് സാധിക്കും.

1968 ലെ കേരള പ്രാചീന സ്മാരക, പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമത്തിലെ 13 ാം വകുപ്പനുസരിച്ച് 27 മാർച്ച് 2003 ലെ 522 ാം നമ്പർ സർക്കാർ ഗസറ്റ് വിജ്ഞാപന പ്രകാരം പ്രസ്തുത വസ്തുവഹകൾ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കൂടാതെ 19 മാർച്ച് 2003 ലെ ജി.ഒ.(പി) നമ്പർ 9/2003/എ. 1 പ്രകാരം തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 560/139, 560/140 എന്നീ സർവ്വെ നമ്പറുകളിൽ സ്ഥിതിചെയ്യുന്ന മൂടത്തുമഠം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. എന്നാൽ മൂടത്തുമഠത്തിന്റെ അവകാശികൾ തമ്മിൽ ഉടമസ്ഥതയെചൊല്ലി വ്യവഹാരങ്ങൾ വിവിധ കോടതികളിലായി നിലനിൽക്കുന്നതിനാൽ സമയബന്ധിതമായി ഭൂമി ഏറ്റെടുക്കൽ പ്രക്രീയ പൂർത്തീകരിക്കുന്നതിനായി സാധിക്കതെ വരികയണുണ്ടായത്.

കാലക്രമത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളിൽ 2013 ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും,

പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതായി വരികയും, അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയുമാണ്. ഇതിനായി ഡെപ്യൂട്ടി തഹസിൽദാർ (എൽ.എ) എൻ.എച്ച്, പി.എം.ജി, തിരുവനന്തപുരം ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മുന്നോടിയായി 2013 ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്. ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07/02/2017 ാം തിയ്യതിയിലെ കെ.6-89903/16 ാം നമ്പർ ഉത്തരവുപ്രകാരം പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ പ്രതിപാധിച്ച രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2019 മാർച്ച് മാസം 13 ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 8 ൽ 690 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പ്ലാനറ്റ് കേരള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ആരംഭിക്കുകയും ചെയ്തു.

### 1.2 പദ്ധതി പ്രദേശം

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 560/139, 560/140 എന്നീ സർവ്വെ നമ്പറുകളിലുള്ള 14.47 ആർ (35.750 സെന്റ്) ഭൂവസ്തുവും, കേരളീയ വാസ്തുശിൽപ്പ ശൈലിയിൽ നിർമ്മിച്ചിരുന്ന കെട്ടിടവും ഉൾക്കൊള്ളുന്നതാണ്. താഴെ പറയുന്ന അതിർത്തികൾക്കുള്ളിലാണ് പ്രസ്തുത ഭൂവസ്തു സ്ഥിതിചെയ്യുന്നത്.

വടക്ക്: പഴവങ്ങാടി ഫോർട്ട് ഹൈസ്കൂൾ റോഡ്

തെക്ക്: രാജരാജേശ്വരി കല്യാണ മണ്ഡപവും, ശ്രീമണികണ്ഠേശ്വരം എയർപോർട്ട് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടറോഡ്

കിഴക്ക്: മംഗളഭായി തമ്പുരാട്ടി, ഉണ്ണികൃഷ്ണവർമ്മ, സുധീർവർമ്മ, കൃഷ്ണകുമാർ, കെ.ആർ. രവിവർമ്മ, അപർണ്ണ എന്നീ അവകാശികളുള്ള ഭൂവസ്തു

അനന്തലക്ഷ്മി മകൻ സുബ്രമണ്യൻ വക വസ്തു

പടിഞ്ഞാറ്: ശീകണ്ഠേശ്വരം എയർപോർട്ട് റോഡ്

തിരുവനന്തപുരം കോർപ്പറേഷൻ ഫോർട്ട് (80) വാർഡിലും, വഞ്ചിയൂർ വില്ലേജ്, ഫോർട്ട് പോസ്റ്റ് ഓഫീസ് എന്നിവയുടെ പരിധിയിലുമാണ് ഈ പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്.

### 1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി 4(1) വിജ്ഞാപനപ്രകാരം വഞ്ചിയൂർ വില്ലേജിൽ ഉൾപ്പെട്ട 0.1447 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നതാണ്. ആകെയുള്ള 0.1447 ഹെക്ടർ സ്ഥലം കിളിമാനൂർ കോയിതമ്പുരാൻ ശ്രീപണ്ടാര കാര്യംചെയ്യാർകൾ, മാനേജർ & മുക്തിയാർ ഹോൾഡർ കിളിമാനൂർ പാലസ് എന്ന പേരിൽ 1371 തണ്ടപ്പേർ നമ്പറായും, ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വകയിൽ ഉൾപ്പെട്ട (1) എൽ.സി.രാമവർമ്മ, (2) രാമവർമ്മ കോയിതമ്പുരാൻ, (3) നീലകണ്ഠൻ നമ്പൂതിരി, (4) രാമവർമ്മ കോയിതമ്പുരാൻ, (5) രാജരാജവർമ്മ കോയിതമ്പുരാൻ, (6) ലക്ഷ്മി തമ്പുരാട്ടി, (7) രുഗ്മണി തമ്പുരാട്ടി മുതൽ 54 പേർക്ക് അവകാശപ്പെട്ടതാണ് ഏറ്റെടുക്കേണ്ടിവരുന്ന 18329 തണ്ടപ്പേർ നമ്പറിലുള്ള ഭൂവസ്തുക്കളും, നിർമ്മിതികളും. ആയതിനാൽ മേൽപ്പറഞ്ഞ ഭൂഉടമസ്ഥരിൽ നിന്നായി ഏറ്റെടുക്കേണ്ടിവരുന്ന 0.1447 ഹെക്ടർ സ്ഥലത്തെ സംബന്ധിച്ച് ഉടമസ്ഥതർക്കം കാലങ്ങളായി നിലനിൽക്കുന്നതാണ്. ഈ പ്രദേശത്തെ സംബന്ധിച്ച് മാത്രമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിട്ടുള്ളത്.

### 1.4 ബദൽസാധ്യതകൾ

കേരളത്തിലെ പുരാതനവും, ചരിത്രപ്രാധാന്യവുമുള്ള സ്മാരകങ്ങളിലെ സുപ്രധാനമായ ഒന്നാണ് തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 560/139, 560/140 എന്നീ സർവ്വെ നമ്പറുകളിലുള്ള 14.47 ആർ (35.750 സെന്റ്) ഭൂവസ്തുവും, കേരളീയ വാസ്തുശിൽപ്പ ശൈലിയിൽ നിർമ്മിച്ചിരുന്ന കെട്ടിടവും ഉൾക്കൊള്ളുന്ന മൂടത്തുമഠം. എന്നാൽ ചരിത്രപ്രാധാന്യമുള്ളതും, പുരാതനുവുമായ ഈ സ്മാരകം ജീർണ്ണാവസ്ഥയിലും, സംരക്ഷിക്കപ്പെടാത്തതിനാൽ നാശോൻമുഖവുമാണ്. പുരാതന സ്മാരകങ്ങൾ സംരംക്ഷിച്ച് കാത്ത് പരിപാലിക്കേണ്ടത് കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ, സന്ദർശകർ, പൊതുജനങ്ങൾ എന്നിവർക്ക് പുരാതനകാലത്തെ സംസ്കൃതിയെക്കുറിച്ച് അറിവ് പകരുന്നതിനും അത്യന്താപേക്ഷിതമാണ്.

കോയിക്കൽ തമ്പുരാക്കൻമാരുടെ അധീനതയിലുണ്ടായിരുന്ന ഈ വസ്തുവഹകൾ കാലാകാലങ്ങളിൽ സംരക്ഷിച്ച് പരിപാലിക്കുന്നതിന് കൊട്ടാരാധികാരികൾക്ക് പലതരത്തിലുള്ള അവകാശ തർക്കങ്ങൾ കാരണം സാധിക്കാതെ വരികയും ഇന്നത്തെ ജീർണ്ണാവസ്ഥയിൽ എത്തിച്ചേരുകയുമാണുണ്ടായത്. ആയതിനാൽ ഭൂവസ്തുക്കളും, അവശേഷിക്കുന്ന സ്മാരകങ്ങളും താമസംവിനാ ഏറ്റെടുത്ത് സംരക്ഷിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള സർക്കാർ ഉത്തരവദിത്വമാണ്. പുരാതനവും, ചരിത്രപ്രാധാന്യമുള്ളതുമായ മൂടത്തുമഠത്തിന് ബദലായി യാതൊരുവിധ ബദൽ സാധ്യതകളും ഇല്ലാത്തതിനാലും, നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നതിനാലും ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധിക്കുകയോ, പരിഗണിക്കുകയോ ചെയ്യേണ്ടതില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും

സുപ്രധാനമായ സാമൂഹ്യപ്രത്യാഘാതങ്ങൾ കണ്ടെത്തി അവയുടെ പ്രാധാന്യം വിലയിരുത്തി ആഘാത ലഘൂകരണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. ആയതിനാൽതന്നെ വ്യത്യസ്ത ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ നിർണ്ണയിക്കുകയും അവയുടെ സംഗ്രഹരൂപം ചുവടെ പ്രതിപാദിക്കുകയും ചെയ്യുന്നു.

## 1.6 വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | ◆ കാലങ്ങളായുള്ള കോടതി വ്യവഹാരങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി ഇരുകക്ഷികളുമായുള്ള അനുരഞ്ജന ചർച്ചയും തുടർ നടപടികളും<br>◆ ഭൂമിയും, നിർമ്മിതികളും അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>◆ നിക്ഷേപിച്ച മാലിന്യങ്ങൾ നീക്കം ചെയ്ത്, സംരക്ഷിത കേന്ദ്രമാക്കി മാറ്റിയെടുക്കുക<br>◆ തൊഴിലാളികളുടെയും, പരിസരത്തുള്ള ഓഫീസുകളിൽ എത്തുന്നവരുടേയും, യാത്രക്കാരുടേയും അപകട സാധ്യതകളും, സുരക്ഷയും. |
| 2 | നിർമ്മാണ ഘട്ടം | ◆ ജീർണ്ണിച്ച് പോയ മൂടത്ത്മഠത്തിന്റെ അവശേഷിക്കുന്ന നിർമ്മിതികൾക്ക് കോട്ടം വരാതെയുള്ള വീണ്ടെടുപ്പ്<br>◆ ജീർണ്ണിച്ച് പോയ മൂടത്ത്മഠത്തിന്റെ ചരിത്ര പ്രാധാന്യത്തിനനുസരിച്ചുള്ള പുനരാവിഷ്കരണം<br>◆ വൈദഗ്ദ്യമുള്ള തൊഴിലാളികളെ കണ്ടെത്തി പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിലുള്ള പുനർനിർമ്മാണ പ്രവർത്തികൾ.<br>◆ തൊഴിലാളികളുടെയും, പരിസരത്തുള്ള ഓഫീസുകളിൽ എത്തുന്നവരുടേയും, യാത്രക്കാരുടേയും അപകട സാധ്യതകളും, സുരക്ഷയും. |
| 3 | പ്രവർത്തന ഘട്ടം | ◆ ചരിത്രപ്രാധാന്യമുള്ള സ്മാരകമായി നിലനിർത്തി മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കപ്പെടുന്നു<br>◆ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ, സന്ദർശകർ, പൊതുജനങ്ങൾ എന്നിവർക്ക് പുരാതനകാലത്തെ സംസ്കൃതിയെക്കുറിച്ച് അറിവ് പകരുന്നതിനുമുള്ള കേന്ദ്രമായി മാറ്റാൻ സാധിക്കുന്നു<br>◆ സംസ്ഥാന തലസ്ഥാനത്തെ പ്രധാന സന്ദർശന കേന്ദ്രങ്ങളിലൊന്നായി മാറ്റിയെടുക്കാൻ സാധിക്കുന്നു |

## 1.7 സാമൂഹ്യ പ്രത്യാഘാതവും സാധ്യമായ ലഘൂകരണ മാർഗ്ഗങ്ങളുടെ വിശലനവും

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | കിളിമാനൂർ കൊട്ടാരം വകയുള്ളതും ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വകയുള്ളതുമായ 560/139, 560/140 എന്നീ സർവ്വേ നമ്പറുകളിലുള്ളതും, 1371, 18329 എന്നീ തണ്ടപ്പേർ നമ്പറുകളിലുള്ളതുമായ 0.1447 ഹെക്ടർ ഭൂമി പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | നിർമ്മിതികൾ നഷ്ടപ്പെടുന്നത് | മൂടത്ത്മഠം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ജീർണ്ണിച്ച് നാമാവശേഷമായ അവസ്ഥയിലുള്ള ചുറ്റുമതിൽ ഉൾപ്പെടെയുള്ള നിർമ്മിതികൾ പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള താഴെ പറയുന്ന വൃക്ഷങ്ങളെ ബാധിക്കുന്നു<br>1) തെങ്ങ് 18 എണ്ണം<br>2) പ്ലാവ് 1 എണ്ണം<br>3) ശീമപ്ലാവ് 1 എണ്ണം<br>4) അരയാൽ 1 എണ്ണം<br>5) പുളിമരം 2 എണ്ണം<br>6) പാഴ് വൃക്ഷങ്ങൾ 5 എണ്ണം | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | മൂടത്ത്മഠം | പുനരാവിഷ്കണം/ പുനർനിർമ്മാണം ആവശ്യമാണ് |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1.8 സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ

- പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി കിളിമാനൂർ കൊട്ടാരം വകയുള്ളതും, ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വകയുള്ളതുമായ 560/139, 560/140 എന്നീ സർവ്വേ നമ്പറുകളിലുള്ളതും, 1371, 18329 എന്നീ തണ്ടപ്പേർ നമ്പറുകളിലുള്ളതുമായ 0.1447 ഹെക്ടർ ഭൂമി പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു.
- കാലങ്ങളായി കീഴ്കോടതികൾ മുതൽ സുപ്രീം കോടതി വരെ ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള കോടതി വ്യവഹാരങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി ഇരുകക്ഷികളുമായുള്ള അനുരഞ്ജന ചർച്ചയും തുടർ നടപടികളും ആവശ്യമായി വരുന്നതാണ്. പഴയ തലമുറയിൽപ്പെട്ട കുടുംബാംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പുതിയ തലമുറയിലെ കുടുംബാംഗങ്ങൾ സന്നദ്ധരാകുമെന്നും, ഇതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, വ്യവഹാരത്തിലെ കക്ഷികളുമായി ചർച്ച നടത്തി പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. വ്യവഹാരങ്ങൾ പിൻവലിച്ച് അനുരഞ്ജനത്തിലൂടെ അർഹമായ നഷ്ടപരിഹാര തുക അവകാശമുള്ള എല്ലാ ഭൂഉടമസ്ഥർക്കുമായി നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ സാധ്യമാവുകയും, മൂടത്തുമഠം സംരക്ഷിക്കുന്നതിനും സാധിക്കുന്നതാണ്.

- ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള കോടതി വ്യവഹാരങ്ങൾമൂലം ചരിത്രപ്രാധാന്യമുള്ള പുരാതനമായ ഈ സ്മാരകം ജീർണ്ണിച്ച് നാമാവശേഷമായ അവസ്ഥയിലാണുള്ളത്. നഗര പ്രാധാന്യമുള്ള സ്ഥലം ആവശ്യമായ സംരംക്ഷണം ഇല്ലാത്തതിനാൽ മാലിന്യ നിക്ഷേപ കേന്ദ്രമായി മാറിയിരിക്കുകയാണ്. ആയതിനാൽ ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അനുരഞ്ജന ചർച്ചകൾ അടിയന്തിരമായി വിളിച്ച് ചേർക്കുകയും പരിഹാരം സാധ്യമാകാതെ വരുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ അനന്തമായി നീണ്ടുപോകാതെ താമസംവിനാ ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

- പുനരധിവാസ, പുനസ്ഥാപന നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും, നിർമ്മിതികളും മുഴുവനായും ഏറ്റെടുക്കുകയും, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാര തുക വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

- ഭൂമി ഏറ്റെടുക്കൽ, നിർമ്മിതികൾ നീക്കം ചെയ്യൽ, വികസനം പ്രവർത്തികൾ നടത്തൽ മുതലായ അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുത്ത് സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോള്ളേണ്ടതാണ്.

## അധ്യായം – 2

## പദ്ധതി സംബന്ധിച്ച വിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാനത്തിന്റെ തെക്കെഅറ്റത്തുള്ള തീരദേശ ജില്ലയാണ് തിരുവനന്തപുരം. അറബിക്കടലിന്റെ തീരത്തുനിന്നു 78 കിലോമീറ്റർ അകലത്തിൽ വ്യാപിച്ച് കിടക്കുന്ന പ്രദേശമാണിത്. 2192 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ ജില്ല 1957 ൽ ആണ് നിലവിൽ വന്നത്. 2011 ലെ സെൻസസ് അനുസരിച്ച് 33,07,284 ആണ് ഇവിടത്തെ ജനസംഖ്യ. കേരള സംസ്ഥാനത്ത് മലപ്പുറം ജില്ല കഴിഞ്ഞാൽ ഏറ്റവും അധികം ജനസംഖ്യയുള്ള ജില്ലയാണ് തിരുവനന്തപുരം. ഭരണ സൗകര്യത്തിനായി ജില്ലയെ തിരുവനന്തപുരം, ചിറയിൻകീഴ്, വർക്കല, നെയ്യാറ്റിൻകര, ആറ്റിങ്ങൽ, നെടുമങ്ങാട് എന്നിങ്ങനെ ആറ് താലൂക്കുകളായി വിഭജിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ 12 ബ്ലോക്ക് പഞ്ചായത്തുകളും, 73 ഗ്രാമപഞ്ചായത്തുകളുമാണ് ഉള്ളത്.

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിൽ, വഞ്ചിയൂർ റവന്യൂ വില്ലേജിൽ ഉൾപ്പെടുന്നതും തിരുവനന്തപുരം കോർപ്പറേഷനിലെ ഫോർട്ട് വാർഡ് (വാർഡ് നമ്പർ 80) പരിധിയിലുമാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം ഉൾപ്പെടുന്നത്. 1940 ഒക്ടോബർ 30 ന് രൂപീകൃത മായ തിരുവനന്തപുരം കോർപ്പറേഷൻ 214.86 ച.കി.മി. വിസ്തൃതിയുള്ള പ്രദേശത്തെ നിലവിൽ 100 വാർഡുകളായി തരം തിരിച്ചിരിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം 4,70,147 പുരുഷൻമാരും 4,85,347 സ്ത്രീകളും അടക്കം ആകെ ജനസംഖ്യ 9,55,494 ആണ്. വടക്ക് കഠിനംകുളം, ആണ്ടൂർകോണം, വെമ്പായം, പോത്തൻകോട് എന്നീ ഗ്രാമപഞ്ചായത്തുകളും, കിഴക്ക് കരകുളം, അരുവിക്കര, വിളപ്പിൽ, വിളവൂർക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും തെക്ക് പള്ളിച്ചൽ, കല്ലിയൂർ, വെങ്ങാനൂർ, കോട്ടുകാൽ എന്നീ ഗ്രാമപഞ്ചായത്തുകളും, പടിഞ്ഞാറ് അറബിക്കടലുമായി അതിർത്തി പങ്കിടുന്ന പ്രദേശമാണ് തിരുവനന്തപുരം കോർപ്പറേഷൻ.

നിർദ്ദിഷ്ഠ പദ്ധതി പ്രദേശം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ വഞ്ചിയൂർ വില്ലേജിൽ ഉൾപ്പെടുന്നു. കിഴക്കേകോട്ട - സ്റ്റാച്യൂ റോഡിൽ പഴവങ്ങാടി ഗണപതി ക്ഷേത്ര ജംഗ്ഷനിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്കുള്ള റോഡിൽ ശ്രീവരാഹം എയർപോർട്ട് റോഡിൽ സന്ധിക്കുന്ന കവലക്ക് തെക്ക് വശത്തായിട്ടാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്. തിരുവനന്തപുരം കോർപ്പറേഷനിലെ ഫോർട്ട് (80) വാർഡിലാണ് പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി ഉൾപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, ജീർണ്ണിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന മൂടത്തുമഠത്തിന്റെ സംരക്ഷണം പുരാവസ്തു വകുപ്പിന്റേയും, സംസ്ഥാന സർക്കാരിന്റേയും ഉത്തരവാദിത്വമായതിനാലുമാണ് സംസ്ഥാന സർക്കാർ നിർദ്ദിഷ്ട പദ്ധതി ആസുത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങളും, കോടതി വ്യവഹാരങ്ങളും കാരണം സമയബദ്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിന് സാധിക്കാതെ വരികയും, മൂടത്ത്മഠം ഇന്നത്തെ ശോച്യാവസ്ഥയിൽ എത്തിച്ചേരുകയുമാണുണ്ടായത്. ആയതിനാൽ അടിയന്തിര പ്രാധാന്യമുള്ള നിർദ്ദേശിക്കപ്പെട്ട വികസന പ്രവർത്തികൾക്കായി താമസംവിനാ ഭൂമി ഏറ്റെടുത്ത് വികസന പ്രവർത്തികൾ പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നിർദ്ദിഷ്ട പ്രവർത്തികൾ

പൂർത്തീകരിച്ച് പുരാതന സ്മാരകം സംരംക്ഷിച്ച് കാത്ത് പരിപാലിക്കുന്നതിലൂടെ കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ, സന്ദർശകർ, പൊതുജനങ്ങൾ എന്നിവർക്ക് പുരാതനകാലത്തെ സംസ്കൃതിയെക്കുറിച്ച് അറിവ് പകരുന്നതിനും, സംസ്ഥാന തലസ്ഥാനത്തെ വിനോദ സഞ്ചാരം അഭിവൃദ്ധിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

## 2.2 പദ്ധതിയുടെ അടിസ്ഥാനം

- കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ.
- പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിച്ച അവസരത്തിൽ 1894 ലെ ഭൂമി ഏറ്റെടുക്കൽ നിയമമാണ് നിലവിൽ ഉണ്ടായിരുന്നത്. എന്നാൽ 1894 ലെ നിയമം കേന്ദ്ര സർക്കാർ 2013 ൽ പരിഷ്കരിക്കുകയും പകരമായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങൾ 2014 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. തുടർന്ന് നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ച് 2015 സെപ്തംബർ 23 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനിടയിലുള്ള കാലഘട്ടത്തിൽ അടിയന്തിര സാഹചര്യങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ജില്ലാ കളക്ടർ ആരംഭിച്ചത്.
- 2013 ലെ പുതിയ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ച് ഭൂമി ഏറ്റെടുത്ത് പുരാവസ്തു വകുപ്പിന് കൈമാറാൻ റവന്യൂ വകുപ്പിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തി.
- 2013 ലെ നിയമത്തിനും, ചട്ടങ്ങൾക്കും അനുസൃതമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാനും തയ്യാറാക്കി നൽകുന്നതിനായി കേരള സർക്കാരിന്റെ 2019 മാർച്ച് 13 ലെ അസാധാരണ ഗസറ്റ് വാല്യം 8 നമ്പർ 690 വിജ്ഞാപന പ്രകാരം പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി.
- പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി ആവശ്യമായി വരുന്ന ഏകദേശം 0.1447 ഹെക്ടർ സ്ഥലത്താണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്.
- പുരാവസ്തു വകുപ്പദ്ധ്യക്ഷൻ അർഥനാധികാരിയും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്. ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമാണ്.
- 2015 സെപ്തംബർ 23 ാം തിയ്യതി കേരള സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളുടെ ഭാഗമായി ചട്ടങ്ങൾ രൂപീകരിക്കുകയും, സംസ്ഥാന നയം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സുതാര്യതയും

ന്യായമായ നഷ്ടപരിഹാരവും ഉറപ്പ് നൽകാൻ സംസ്ഥാന സർക്കാർ നടപടികൾ ആരംഭിച്ചു.

- പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി നടപ്പിലാകുന്നതിലൂടെ താഴെ പറയുന്ന ഗുണങ്ങൾ അനുഭവവേദ്യമാകുന്നതാണ്.
    - ★ പുരാതനവും, ചരിത്ര പ്രാധാന്യമുള്ളതുമായ മൂടത്ത്മഠത്തിന്റെ സംരക്ഷണം.
    - ★ ജീർണ്ണാവസ്ഥയിലും, നാശോൻമുഖവുമായ മൂടത്തുമഠത്തിന്റെ പുനരവതരണവും, പുനർനിർമ്മാണവും
    - ★ കേരളത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ, സന്ദർശകർ, പൊതുജനങ്ങൾ എന്നിവർക്ക് പുരാതനകാലത്തെ സംസ്കൃതിയെക്കുറിച്ച് അറിവ് പകരുന്നതിനും സാധിക്കുന്നു
    - ★ സംസ്ഥാന തലസ്ഥാനത്തെത്തുന്ന വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും കേരളത്തിന്റെ സാംസ്കാരിക തനിമ അറിയിക്കുന്നതിനും സാധിക്കുന്നു.

### 2.3 പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം

കോയിക്കൽ തമ്പുരാക്കൻമാരുടെ അധീനതയിലുണ്ടായിരുന്ന മൂടത്തുമഠത്തിന്റെ വസ്തുവഹകൾ കാലാകാലങ്ങളിൽ സംരക്ഷിച്ച് പരിപാലിക്കുന്നതിന് പലതരത്തിലുള്ള അവകാശ തർക്കങ്ങൾ കാരണം കൊട്ടാരാധികാരികൾക്കൊ, പുരാവസ്തു വകുപ്പിനോ സാധിക്കാതെ വരികയും ഇന്നത്തെ ജീർണ്ണാവസ്ഥയിൽ എത്തിച്ചേരുകയുമാണുണ്ടായത്. ആയതിനാൽ ഭൂവസ്തുക്കളും, അവശേഷിക്കുന്ന സ്മാരകങ്ങളും താമസംവിനാ ഏറ്റെടുത്ത് സംരക്ഷിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള സർക്കാർ ഉത്തരവദിത്വമാണ്. പുരാതനവും, ചരിത്രപ്രാധാന്യമുള്ളതും, അമൂല്യവുമായ മൂടത്തുമഠത്തിന് ബദലായി യാതൊരുവിധ ബദൽ സാധ്യതകളും ഇല്ലാത്തതിനാലും, നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നതിനാലും ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധിക്കുകയോ, പരിഗണിക്കുകയോ ചെയ്യേണ്ടതില്ല.

നിലവിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ തന്നെ ഭൂവസ്തുക്കൾ പൂർണ്ണമായി ഏറ്റെടുത്ത് നിർദ്ദിഷ്ട വികസന പ്രവർത്തികൾ നടപ്പിലാക്കുന്നതാണ് ഏറ്റവും അനുയോജ്യമായ മാർഗ്ഗം. ഇപ്രകാരം ഏറ്റെടുക്കൽ പ്രക്രീയ പൂർത്തിയാകുമ്പോൾ കിളിമാനൂർ കൊട്ടാരം വകയുള്ളതും, ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വകയുള്ളതുമായ 560/139, 560/140 എന്നീ സർവ്വേ നമ്പറുകളിലുള്ളതും, 1371, 18329 എന്നീ തണ്ടപ്പേർ നമ്പറുകളിലുള്ളതുമായ 0.1447 ഹെക്ടർ ഭൂമി പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയുടെ ഉടമസ്ഥർ ആഘാത ബാധിതരാവുകയും അവർക്ക് 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി അർഹമായ നഷ്ടപരിഹാരം നൽകി വസ്തുവഹകൾ ഏറ്റെടുക്കാവുന്നതാണ്.

### 2.4 നിർമ്മാണ ഘട്ടങ്ങൾ

ആഘാതബാധിതരായ ഉടമസ്ഥർക്ക് അർഹമായ നഷ്ടപരിഹാരം നൽകി, പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുത്ത് നിർദ്ദിഷ്ട വികസന പ്രവർത്തികൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കാവുന്നതാണ്.

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

മൂടത്ത്മഠം ഏറ്റെടുത്ത്, പുനരാവിഷ്കരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി 0.1447 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. പദ്ധതി നിർവ്വഹണത്തിനായി നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലാൻ ബന്ധപ്പെട്ട പുരാവസ്തു വകുപ്പ് തയ്യാറാക്കി സമയബന്ധിതമായി സംരക്ഷണ പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്. ഇതിനായി മൂടത്ത്മഠത്തിന്റെ ചരിത്രം, ജീർണ്ണാവസ്ഥയിലാകുന്നതിനുമുമ്പുള്ള ചിത്രങ്ങൾ മുതലായവയെല്ലാം പുരാവസ്തു വകുപ്പ് ശേഖരിച്ചിട്ടുണ്ട്.

## 2.6 അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കി പ്രവർത്തികൾ നടപ്പിലാക്കുന്നതിനാണ് പുരാവസ്തു വകുപ്പ് തീരുമാനിച്ചിരിക്കുന്നത്. ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദരുടെ സേവനം പുരാവസ്തു വകുപ്പ് ക്രമീകരിക്കുകയും മൂടത്ത്മഠത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വ്യത്യസ്ത വൈധഗ്ദ്യമുള്ള മനുഷ്യശേഷി നിർവ്വഹണ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടതും, നിശ്ചിതസമയത്ത് തന്നെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ്. ഇതിനായി അത്യാധുനീകമായ ഉപകരണങ്ങളും, വൈദഗ്ദ്യമുള്ള എൻജിനീയർമാരും അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ തദ്ദേശീയർക്കും, പുറമേനിന്നുള്ളവർക്കും തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 2.8 മുമ്പ് നടത്തിയ പഠനങ്ങൾ

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായ സാമൂഹ്യ പ്രത്യാഘാത പഠനങ്ങൾ ഒന്നും തന്നെ മുൻകാലങ്ങളിൽ നടത്തിയിട്ടില്ല. പ്ലാനറ്റ് കേരളയുടെ നേതൃത്വത്തിൽ നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് ഇത്തരത്തിലുള്ള ആദ്യ പഠനം.

## 2.9 ഉപയുക്തമായ നയങ്ങളും, നിയമങ്ങളും

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും, ചട്ടങ്ങളും ബാധകമാകുന്നതാണ്.

- 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും.
- കേരള സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂമി ഏറ്റെടുക്കൽ നയരേഖ.
- 2005 ലെ വിവരാവകാശ നിയമം
- വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016 ലെ ആക്ട്.
- 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്

**വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016**

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തീകമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകതയാണ്.

**വിവരാവകാശ നിയമം 2005**

പൗരൻമാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രീയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനുവേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരൻമാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

**1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്**

ദേശീയ പ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും, പുരാവസ്തു സങ്കേതങ്ങളും, പുരാവശിഷ്ടങ്ങളും, സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശിൽപ്പവേലകൾ, കൊത്തുപണികൾ അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തുസൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുമുള്ള ആക്ട്

## അദ്ധ്യായം – 3

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും

### 3.1 പശ്ചാത്തലം

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07/02/2017 തിയ്യതിയിലെ കെ–89903/16 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ 200 ആർ വരെയുള്ള പൊന്നുംവില നടപടികളിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്ലാനറ്റ് കേരളയെ എംപാനൽ ചെയ്ത് ചുമതലപ്പെടുത്തി.

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, പൊതു–സ്വകാര്യ സ്വത്ത്വഹകൾ എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠനപ്രക്രീയ നടത്തുന്നത്. ഈ പഠനപ്രക്രീയയുടെ ഭാഗമായി പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രീയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘ ചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും.

ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കേണ്ടിവരികയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തീകവുമായ സുസ്ഥിരതക്ക് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിലോ കൂടുതൽ മെച്ചപ്പെട്ട തരത്തിലോ ആഘാതബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽക്കണ്ടാണ് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

(i) പദ്ധതിയുടെ സാമൂഹ്യ സാമ്പത്തീക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം

(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയവിനിമയവും

(iii) 2013 ൽ നിലവിൽവന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും,പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും വായിച്ച് മനസ്സിലാക്കുക.

(iv) ഉത്തരവാദിത്വങ്ങൾ പങ്കുവെക്കലും ഏറ്റെടുക്കലും.

**മാതൃക 3.1 സാമൂഹ്യപ്രത്യാഘാത പഠന സമീപനവും രീതിശാസ്ത്രവും**

| ഘട്ടം – I<br>പഠന മുന്നൊരുക്കങ്ങൾ | അവലോകനം–പഠനം–ചർച്ചകൾ | ഫീൽഡ്തല പ്രവർത്തനങ്ങൾ |
|---|---|---|
| | • റവന്യൂ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ച<br>• സംയുക്ത സ്ഥലപരിശോധന<br>• ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ പഠനം<br>• അനുബന്ധ നിയമങ്ങളുടെ പഠനം<br>• അനുബന്ധ രേഖകൾ കണ്ടെത്തൽ, പഠനം<br>• വാർഡ് കൗൺസിലർമാരുമായി ചർച്ച | • ദ്വിതീയവിവര ശേഖരണം–വില്ലേജ് ഓഫീസ്<br>• ചോദ്യാവലി തയ്യാറാക്കൽ<br>• വിവരശേഖരണത്തിനുള്ള സംഘാങ്ങളെ നിജപ്പെടുത്തൽ<br>• സംഘാങ്ങൾക്കുള്ള പരിശീലനം |
| **ഘട്ടം – II**<br>സാമൂഹ്യ പ്രത്യാഘാത പഠനം | **ഫീൽഡ്തല സ്ഥിതിവിവര ശേഖരണം**<br>• ആഘാതബാധിതരുടെ സ്ഥിതിവിവര ശേഖരണം<br>• സാമൂഹ്യ–സാമ്പത്തീക വിവര ശേഖരണം<br>• നേരിട്ടുള്ള അഭിമുഖം<br>• പൊതുജനങ്ങളുമായുള്ള ആശയവിനിമയം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ | **നടത്തിപ്പ് ക്രമീകരണങ്ങൾ**<br>• നിയമ–ചട്ട–മാർഗ്ഗനിർദ്ദേശങ്ങളുടെ അവലോകനം<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള പുനരധിവാസ കർമ്മപദ്ധതി തയ്യാറാക്കൽ ചർച്ചകൾ<br>• ഉള്ളടക്ക വിശകലനം<br>• ഫീൽഡ് പ്രവർത്തന ആസൂത്രണം, സ്ഥിതിവിവര ശേഖരണം, വിശകലനം<br>• സാമൂഹ്യ പ്രത്യാഘാത കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| **ഘട്ടം – III**<br>പഠനാനന്തരം | **വിവര വിശകലനവും റിപ്പോർട്ടും**<br>• സ്ഥിതിവിവര ക്രോഡീകരണം–വിശകലനം<br>• പട്ടിക തയ്യാറാക്കൽ<br>• പഠന റിപ്പോർട്ടിന്റെ അന്തിമരൂപരേഖ തയ്യാറാക്കൽ<br>• സ്ഥിതിവിവര ഫല വിശകലനം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• കരട് റിപ്പോർട്ട് സമർപ്പണവും പ്രസിദ്ധീകരണവും | **പഠന റിപ്പോർട്ടിൻമേലുള്ള ചർച്ചകൾ**<br>• കരട് പഠന റിപ്പോർട്ട് അവതരണം<br>• പ്രാദേശിക ഗവൺമെന്റ് പ്രതിനിധികളുമായുള്ള ചർച്ചകൾ<br>• ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ<br>• പബ്ലിക് ഹിയറിംഗ് സംഘാടനം<br>• അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കൽ, പരിഗണിക്കൽ<br>• അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കൽ |

മാതൃക 3.1. സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തിനായി അവലംബിച്ച സമീപനങ്ങളും, രീതിശാസ്ത്രങ്ങളും, നടപടി ക്രമങ്ങളുമാണ് വിശദമായി ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

- വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവര ശേഖരണം
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠന വിധേയമാക്കൽ
- റവന്യൂ, പുരാവസ്തു എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നുള്ള പദ്ധതി പ്രദേശ സന്ദർശനം.
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായുള്ള ആശയവിനിമയവും
- ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, വസ്തുവഹകളുടെയും കണക്കെടുപ്പും, വിവരശേഖരണവും
- സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ വിശകലനം

- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- പദ്ധതി പ്രദേശത്തെ പൊതു ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.
- പബ്ലിക് ഹിയറിംഗ്
- അന്തിമ റിപ്പോർട്ട് തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കൽ

### 3.3 ഡെസ്ക് റിസേർച്ച്

ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട ആവശ്യമായ എല്ലാ രേഖകളും പഠന സംഘം പരിശോധിച്ച് വിശകലനം ചെയ്യുകയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ടുള്ള ഇതര പഠന റിപ്പോർട്ടുകൾ പരാമർശിക്കുകയും പഠനവിഷയമാക്കുകയും ചെയ്തു.

### 3.4 സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം

പ്ലാനറ്റ് കേരളയുടെ എക്സിക്യൂട്ടീവ് ഡയക്ടറും, സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ യൂണിറ്റിന്റെ ചെയർമാനുമായ ശ്രീ. ആന്റണി കുന്നത്തിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘമാണ് നിർദ്ദിഷ്ട പദ്ധതി സംബന്ധിച്ച പഠനം നടത്തിയത്. സാമൂഹ്യ, വികസന രംഗങ്ങളിൽ പ്രവർത്തി പരിചയമുള്ളവരും, സാമൂഹ്യ – സാമ്പത്തീക സ്ഥിതിവിവര ശേഖരണത്തിൽ പ്രാവീണ്യമുള്ളവരുമായ നാല് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനസംഘമാണ് പ്രാദേശീകമായ തലത്തിൽ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചത്. ലഭ്യമായ സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്യുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി വികസന രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്തുന്ന വ്യക്തികളുടെ സേവനങ്ങളും ഈ പഠനത്തിനായി വിനിയോഗിച്ചു. ആവശ്യമായ സന്ദർഭങ്ങളിലെല്ലാം റവന്യൂ, പൊതുമരാമത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ കൃത്യമായി ലഭിച്ചതിനാൽ പഠന പ്രക്രീയ തടസ്സമില്ലാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. പഠനസംഘത്തിൽ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്:

| നമ്പർ | പേര് | വിദ്യാഭ്യാസവും സ്ഥാനപ്പേരും | പ്രവർത്തി പരിചയം |
|---|---|---|---|
| 1 | ആന്റണി കുന്നത്ത് | രാഷ്ട്രമീമാംസയിലും, സാമൂഹ്യശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം, കമ്യൂണിറ്റി ഡവലപ്മെന്റിൽ അന്താരാഷ്ട്ര ഡിപ്ലോമ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ചെയർമാൻ | വികസന രംഗത്ത് 25 വർഷത്തെ പരിചയം |
| 2 | ജയകുമാർ. എൽ | സാമൂഹ്യശാസ്ത്രത്തിൽ ബിരുദം<br>പഠന സംഘം ലീഡർ | വികസന രംഗത്ത് 26 വർഷത്തെ പരിചയം |
| 3 | അൻസ എ. എസ്. | ബിടെക്, എം.ബി.എ.<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |
| 4 | സിന്ധു പഴനി | പ്രീ ഡിഗ്രി<br>പഠന സംഘാഗം | വികസന രംഗത്ത് 4 വർഷത്തെ പരിചയം |

### 3.5 ദ്വിതീയ വിവര ശേഖരണം

സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീത വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ ആഘാതബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രഥമവിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തീക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

### 3.6 പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തുന്നതിന് മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും, പ്രാരംഭമായി സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാ സ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽനിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടേയും, ആവശ്യകതയുടേയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണതോതിലുള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതിപ്രദേശവും, ആഘാതബാധിതരായ വ്യക്തികളേയും, കുടുംബങ്ങളേയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2019 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രാഥമീക വിവര ശേഖരണം ബന്ധപ്പെട്ടവരിൽനിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ആഗസ്റ്റ് മാസത്തിൽ ക്രോഡീകരിക്കുകയും 2019 ആഗസ്റ്റ് 19 ന് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് സമർപ്പിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് 2013 ലെ ആക്ടിലും, ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചുള്ള പബ്ലിക് ഹിയറിംഗ് 2019 സെപ്റ്റംബർ മാസം 05 ാം തിയ്യതി മിത്രനികേതൻ സിറ്റി സെന്റർ ഹാളിൽ വെച്ച് നടത്തി.

### 3.7 സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം

പ്രാദേശികതലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നടത്തുന്നതിന് മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, സ്ഥാപനങ്ങളുടേയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ തണ്ടപ്പേർ നമ്പർ, സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിങ്ങനെയുള്ള വിവരങ്ങൾ വഞ്ചിയൂർ വില്ലേജ് ഓഫീസിൽനിന്നും ശേഖരിച്ചു. വ്യവഹാരങ്ങളിൽ ഉൾപ്പെട്ടതിനാലും, കാലപ്പഴക്കമുള്ള രേഖകൾ ആയതിനാലും രേഖകൾ കണ്ടെത്തി വിശകലനം നടത്തുന്നതിനായി നിരവധി തവണ വില്ലേജ് ഒഫീസുമായി ബന്ധപ്പെടേണ്ടതായി വന്നു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം പ്രാദേശിക തലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു (ചോദ്യാവലി അനുബന്ധം 2 ഉള്ളടക്കം ചെയ്തിരിക്കുന്നു) ആഘാതബാധിതരായ വ്യക്തികളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങളായ ഭൂമിയുടെ തരം, നിർമ്മിതിയുടെ തരം, സാമൂഹ്യ സ്ഥിതി മനസ്സിലാക്കുന്നതിനായി കുടുംബത്തിന്റെ

വ്യക്തിവിവരങ്ങൾ, തൊഴിൽ, വരുമാനം, ചെലവ്, എന്നിങ്ങനെ നിരവധിയായ വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ പരമാവധി ശേഖരിക്കുകയും ആഘാത ബാധിതരായവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ പ്രത്യേകമായി ചോദ്യാവലിയുടെ അനുബന്ധമായി രേഖപ്പെടുത്തുകയും ചെയ്തു. പഠനത്തിന് സഹായകരമായ രേഖകൾ പരമാവധി കണ്ടെത്തുന്നതിന് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

### 3.8 സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും

വിശകലനത്തിനും, വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കാതിരുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റാ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻ കരുതലുകൾ സംഘാംഗങ്ങൾ എടുത്തിരുന്നു.

### 3.9 സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

### 3.10 പൊതുസമൂഹവുമായുള്ള പര്യാലോചന/പബ്ലിക് ഹിയറിംഗ്

നിർദ്ദിഷ്ട വികസന പദ്ധതിയെക്കുറിച്ചും ആയതിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ചും ആഘാതബാധിതരും, പൊതുസമൂഹവുമായും പര്യാലോചനകൾ നടത്തുന്നതിനായി അഭിമുഖങ്ങളും ചർച്ചകളും നടത്തുകയും ജനാഭിപ്രായവും, ആഘാതബാധിതരുടെ ആവശ്യങ്ങളും, പ്രത്യാഘാതത്തിന്റെ തോത് കുറക്കുന്നതിനുള്ള നിർദ്ദേശങ്ങളും, പ്രതീക്ഷിക്കുന്ന നഷ്ടപരിഹാരവും മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള പബ്ലിക് ഹിയറിംഗ് 2019 സെപ്റ്റംബർ മാസം 05 ാം തിയ്യതി മിത്രനികേതൻ സിറ്റി സെന്റർ ഹാളിൽ വെച്ച് നടത്തുകയും നിർദ്ദിഷ്ട പദ്ധതിയെ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽനിന്ന് ലഭിച്ച വിവരങ്ങളും, അറിവുകളും ആഘാതബാധിതരുമായി പങ്കുവെക്കുകയും, ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം, വരുമാനവും, ഉപജീവന സാധ്യതകളും വീണ്ടെടുക്കൽ, തൊഴിൽ വർദ്ധനവ്, വിവരങ്ങളുടെ ലഭ്യത, തർക്കപരിഹാരങ്ങൾ, സുരക്ഷ, ഭരണാധികാരികളുടെ പങ്ക് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ആവശ്യമായ ദിശാബോധം നൽകുന്നതിന് സാധിക്കുകയും ചെയ്തു. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന മാർഗ്ഗങ്ങളാണ് അവലംബിച്ചത്

1) അനൗപചാരിക വ്യക്തിഗത കൂടിയാലോചനകൾ
2) കേന്ദ്രീകൃത സംഘ ചർച്ചകൾ
3) വ്യക്തി കേന്ദ്രീകൃത ചർച്ചകൾ
4) പ്രധാന വിവരദാതാക്കളുമായുള്ള അഭിമുഖങ്ങളും, ചർച്ചകളും
5) പബ്ലിക് ഹിയറിംഗ്

**പബ്ലിക് ഹിയറിംഗ്**: 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള പബ്ലിക് ഹിയറിംഗ് 2019 സെപ്റ്റംബർ മാസം 05 ാം തിയ്യതി മിത്രനികേതൻ സിറ്റി സെൻ്റർ ഹാളിൽ വെച്ച് ഉച്ചക്കുശേഷം 3.00 മണിക്ക് ചേരുകയും ഹിയറിംഗിൽ തിരുവനന്തപുരം കോർപ്പറേഷൻ ഫോർട്ട് വാർഡ് (നമ്പർ 80) കൗൺസിലർ ശ്രീ. ആർ. സുരേഷ്, ആഘാത ബാധിതരായവരെ പ്രതിനിധീകരിച്ച് 6 പേരും, റവന്യൂ വകുപ്പിനെ പ്രതിനിധീകരിച്ച് 2 പേരും, പുരാവസ്തു വകുപ്പിനെ പ്രതിനിധീകരിച്ച് 1 ആളും, പോലീസ് വകുപ്പിനെ പ്രതിനിധീകരിച്ച് 2 പേരും, സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ പ്രതിനിധീകരിച്ച് 3 പേരും, ചേർന്ന് ആകെ 15 പേർ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തു.

പബ്ലിക് ഹിയറിംഗിൽ തിരുവനന്തപുരം കോർപ്പറേഷൻ ഫോർട്ട് വാർഡ് (നമ്പർ 80) പ്രതിനിധീകരിച്ച് കൗൺസിലർ ശ്രീ. ആർ. സുരേഷ്, റവന്യൂവകുപ്പിനെ പ്രതിനിധീകരിച്ച് ശ്രീമതി. എം. എസ്. സീന (ലാൻ്റ് റവന്യൂ വാല്യുവേഷൻ അസിസ്റ്റൻ്റ്, എൽ.എ. എൻ.എച്ച്), ശ്രീ. മുഹമ്മദ് ഷാഫി (റവന്യു ഇൻസ്‌പെക്ടർ, എൽ.എ. എൻ.എഎച്ച്) എന്നിവരും, പുരാവസ്തു വകുപ്പിനെ പ്രതിനിധീകരിച്ച് ശ്രീ. രാജേഷ് കുമാർ ആർ. (അസിസ്റ്റൻ്റ് സൂപ്രണ്ട്, പുരാവസ്തു വകുപ്പ്) എന്നിവരും പോലീസ് വകുപ്പിനെ പ്രതിനിധീകരിച്ച് ബി. അശോകൻ (എസ്.പി.എസ്.റ്റി.എസ്), അജുകുമാർ. എ. (എസ്.പി.എസ്.റ്റി.എസ്), എന്നിവരും പങ്കെടുത്തു. സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ പ്രതിനിധീകരിച്ച് ചെയർമാൻ ശ്രീ. ആൻ്റണി കുന്നത്ത്, ശ്രീ. ജയകുമാർ. എൽ, സിന്ധു പഴനി എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം കോർപ്പറേഷൻ ഫോർട്ട് വാർഡ് (നമ്പർ 80) കൗൺസിലർ ശ്രീ. ആർ. സുരേഷ് അധ്യക്ഷത വഹിച്ച യോഗത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് ചെയർമാൻ ശ്രീ. ആൻ്റണി കുന്നത്ത് പബ്ലിക് ഹിയറിംഗ് നടപടികൾ നിയന്ത്രിക്കുകയും, സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ ചർച്ചക്ക് വിധേയമാക്കുകയും ചെയ്തു. ആഘാതബാധിതരുടെ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ടവർ മറുപടി നൽകുകയും, നൽകിയ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. (വിശദ വിവരങ്ങൾ അനുബന്ധം 12 ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു)

### 3.11 പഠനത്തിൻ്റെ പരിമിതികൾ

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും ആഘാതബാധിതരായ ജനവിഭാഗത്തിന് നീതിപൂർവ്വമായ സുതാര്യത ഉറപ്പാക്കുന്നതാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തിയ അവസരത്തിൽ അഭിമുഖീകരിച്ച പ്രധാന പരിമിതികൾ താഴെപറയുന്നവയാണ്.

1) നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ള വിവരം ആഘാത ബാധിതർക്ക് അറിവുണ്ടായിരുന്നില്ല. ഇവരെ നേരിൽകണ്ട് പഠനത്തെ സംബന്ധിച്ചും, പഠനത്തിൻ്റെ പ്രാധാന്യത്തെ സംബന്ധിച്ചും ആവശ്യമായ വിവരങ്ങൾ നൽകുകയും, പഠനപ്രക്രീയക്കാവശ്യമായ സഹകരണം തേടുകയും ചെയ്തു. എന്നാൽ ആരംഭ ഘട്ടത്തിൽ വിവരങ്ങൾ നൽകി സഹകരിക്കുന്നതിന് ഇവർ വിമുഖരായിരുന്നു.

2) ആഘാതബാധിത പട്ടികയിലുള്ള ആളുകളെയോ അവരുടെ പ്രതിനിധികളെയോ കണ്ടെത്തി വിവരശേഖരണം നടത്തുന്നതിനായി നിരവധി തവണ വീടുകളിൽ സന്ദർശനം നടത്തേണ്ടതായി വന്നു. ഭൂഉടമസ്ഥർ പദ്ധതി പ്രദേശത്തിന് വെളിയിലോ,

സിറ്റിയിലോ, മറ്റ് സ്ഥലങ്ങളിലോ താമസിക്കുന്നതിനാൽ അവരിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് നിരവധി തവണ ബന്ധപ്പെടേണ്ടതായി വന്നു.

3) ഉടമസ്ഥാവകാശമുള്ള കുടുംബങ്ങൾ തമ്മിൽ ഉടമസ്ഥതയെ ചൊല്ലി തർക്കങ്ങളും, വ്യവഹാരങ്ങളും നിലനിൽക്കുന്നതിനാൽ വിവരങ്ങൾ കൈമാറുന്നതിലുള്ള ആശങ്ക ആഘാതബാധിതർക്കുണ്ടായിരുന്നു. എന്നാൽ നിരന്തരമായി ബന്ധപ്പെട്ടതിനെ തുടർന്ന് വിവരങ്ങൾ നൽകുന്നതിന് തയ്യാറാവുകയും, ആരംഭഘട്ടത്തിലെ ആശങ്കകൾ മാറ്റിയെടുക്കുന്നതിന് സാധിക്കുകയും ചെയ്തു.

## അദ്ധ്യായം – 4

## ഭൂനിർണ്ണയം

**ആമുഖം**

ആഘാത ബാധിതമായ മുഴുവൻ വ്യക്തികളുടേയും, കുടുംബങ്ങളുടേയും സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2019 ജൂൺ, ജുലൈ, ആഗസ്റ്റ് മാസങ്ങളിൽ പൂർത്തീകരിക്കുകയും, ആഘാത ബാധിതമായ വസ്തുവഹകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, വരുമാനവും, ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിന് സാമൂഹ്യ–സാമ്പത്തീക സ്ഥിതിവിവരണ കണക്കെടുപ്പ് സഹായകരമായി. പഠന വിശകലനങ്ങളുടെ വെളിച്ചത്തിൽ എത്തിച്ചേർന്ന പ്രധാന കണ്ടെത്തലുകൾ ആണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്.

### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതത്തിന്റെ വിവരങ്ങളാണ് പട്ടിക 4.1 ൽ സൂചിപ്പിച്ചിരിക്കുന്നത്. 2019 മാർച്ച് 13 ാം തിയ്യതിയിലെ 690 ാം നമ്പർ 4(1) വിജ്ഞാപനപ്രകാരം വഞ്ചിയൂർ വില്ലേജിൽ ഉൾപ്പെട്ട 0.1447 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നതാണ്. ആകെയുള്ള 0.1447 ഹെക്ടർ സ്ഥലം കിളിമാനൂർ കോയിതമ്പുരാൻ ശ്രീപണ്ടാര കാര്യംചെയ്യാർകൾ, മാനേജർ & മുക്തിയാർ ഹോൾഡർ കിളിമാനൂർ പാലസ് എന്ന പേരിൽ 1371 തണ്ടപ്പേർ നമ്പറായും, ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വകയിൽ ഉൾപ്പെട്ട (1) എൽ.സി.രാമവർമ്മ, (2) രാമവർമ്മ കോയിതമ്പുരാൻ, (3) നീലകണ്഻ഠൻ നമ്പൂതിരി, (4) രാമവർമ്മ കോയിതമ്പുരാൻ, (5) രാജരാജവർമ്മ കോയിതമ്പുരാൻ, (6) ലക്ഷ്മി തമ്പുരാട്ടി, (7) രുഗ്മണി തമ്പുരാട്ടി മുതൽ 54 പേർക്ക് അവകാശപ്പെട്ടതാണ് ഏറ്റെടുക്കേണ്ടിവരുന്ന 18329 തണ്ടപ്പേർ നമ്പറിലുള്ള ഭൂവസ്തുക്കളും, നിർമ്മിതികളും. ആയതിനാൽ മേൽപ്പറഞ്ഞ ഭൂഉടമസ്ഥരിൽ നിന്നായി 0.1447 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

ആകെ 2 സർവ്വേ നമ്പറുകളിലായി 0.1447 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ ആഘാതബാധിതരായ 2 ഭൂഉടമസ്ഥരിൽനിന്നും ഇവരുമായി ബന്ധപ്പെട്ടവരിൽനിന്നുമാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന 0.1447 ഹെക്ടർ ഭൂമി മുഴുവനായും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ആകെയുള്ള 2 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ഭൂവസ്തുക്കൾ പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതാണ്. ഭൂരേഖകൾ പ്രകാരം ആഘാത ബാധിതരായവർ (1) കിളിമാനൂർ കൊട്ടാരം, (2) ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ എന്നീ കൊട്ടാരങ്ങളിലെ പിൻതുടർച്ചക്കാരാണ്.

| പട്ടിക 4.1 ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | |
|---|---|
| **ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ)** | |
| 4(1) വിജ്ഞാപനപ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ) | 0.1447 |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | 0.1447 |
| പൊതു ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | 0.0000 |
| **ആകെ (ഹെക്ടർ)** | **0.1447** |
| **വസ്തുവഹകളിലുള്ള പ്രത്യാഘാതം** | |
| ആഘാത ബാധിതമായ വസ്തുക്കളുടെ എണ്ണം (സർവ്വേ നമ്പർ) | 2 |
| ഭൂഉടമസ്ഥരുടെ എണ്ണം കിളിമാനൂർ കൊട്ടാരം വക | 1 |
| ഭൂഉടമസ്ഥരുടെ എണ്ണം ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ എന്നീ കൊട്ടാരങ്ങൾ വക | 54 |
| സ്വകാര്യ വസ്തുക്കളുടെ എണ്ണം | 2 |

## 4.2 പദ്ധതിപ്രദേശത്തിന്റെ രേഖാചിത്രം



### 4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി (1) കിളിമാനൂർ കൊട്ടാരം, (2) ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ എന്നീ കൊട്ടാരങ്ങളിലെ പിൻതുടർച്ചക്കാർക്ക് അവകാശപ്പെട്ട 0.1447 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. നിർദ്ദിഷ്ട ഭൂമി പൂർണ്ണമായും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതും ഇവർക്ക് 2013 ലെ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാവുന്നതുമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമിയിൽ സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ, അംഗനവാടികൾ, കുട്ടികൾക്കുള്ള പാർക്കുകൾ, ആരാധനാലയങ്ങൾ, ശ്മശാനം, പരമ്പരാഗത ആദിവാസി സ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ, കുടിവെള്ള ഉറവകൾ, പൊതുകുളങ്ങൾ, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ, ഭക്ഷ്യധാന്യങ്ങളുടെ സംഭരണശാലകൾ എന്നിങ്ങനെയുള്ള യാതൊന്നും ഏറ്റെടുക്കേണ്ട ഭൂമിയിൽ ഇല്ലെന്നാണ് റവന്യൂ രേഖകളിൽ കാണുന്നത്.

### 4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

ആകെ ഏറ്റെടുക്കേണ്ട ഭൂമി പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലുള്ളതും, നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാവുന്നതുമാണ്. പൊതുസ്ഥലം, പുറമ്പോക്ക് എന്നിവയൊന്നും ഏറ്റെടുക്കേണ്ട ഭൂമിയിൽ ഇല്ല.

### 4.5 ഉൽപ്പാദനദായക മുതലുകൾ സംബന്ധിച്ച് വിവരങ്ങൾ

| പട്ടിക 4.3 ഉൽപ്പാദനദായക മുതലുകൾ | | |
|---|---|---|
| നമ്പർ | ഇനം | എണ്ണം |
| 1 | തെങ്ങ് | 18 |
| 2 | പ്ലാവ് | 1 |
| 3 | ശീമപ്ലാവ് | 1 |
| 4 | അരയാൽ | 1 |
| 5 | പുളിമരം | 2 |
| 6 | പാഴ് വൃക്ഷങ്ങൾ | 5 |

പട്ടിക 4.3 അനുസരിച്ച് ഉൽപ്പാദനദായക മുതലുകളുടെ നഷ്ടം സംബന്ധിച്ച വിവരങ്ങളാണ് കാണിച്ചിരിക്കുന്നത്.

### 4.6 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ (1) കിളിമാനൂർ കൊട്ടാരം, (2) ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ എന്നീ കൊട്ടാരങ്ങളിലെ പിൻതുടർച്ചക്കാരാണ് തലമുറകളായി ഭൂസ്വത്തുക്കൾ കൈവശംവെച്ച് അനുഭവിച്ചുവരുന്നത്.

## അദ്ധ്യായം – 5

## മൂല്യനിർണ്ണയം

**ആമുഖം**

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഭാഗമായി പ്രത്യക്ഷമായും, പരോക്ഷമായും ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ തോത് സംബന്ധിച്ച വിവരങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

### 5.1 പ്രത്യക്ഷമായി ബാധിക്കുന്നത്

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി (1) കിളിമാനൂർ കൊട്ടാരം, (2) ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ എന്നീ കൊട്ടാരങ്ങളുടെ ഉടമസ്ഥതയിലുള്ള 0.1447 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇത്തരത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയിലെ നിലവിലെ സ്ഥിതിവിവരങ്ങളാണ് താഴെ പ്രതിപാദിച്ചിരിക്കുന്നത്.

<table>
<tr><th colspan="9">പട്ടിക 5.1 നിലവിലെ സ്ഥിതിവിവരങ്ങൾ</th></tr>
<tr><th>ക്രമ നമ്പർ</th><th>സർവ്വേ നമ്പർ</th><th>ബ്ലോക്ക് നമ്പർ</th><th>തണ്ടപ്പേർ നമ്പർ</th><th>ഭൂമിയുടെ അളവ് (ഹെക്ടർ)</th><th>ഉടമസ്ഥന്റെ പേര്</th><th>1</th><th>2</th><th>3</th></tr>
<tr><td rowspan="2">1</td><td rowspan="2">560/139<br>560/140</td><td rowspan="2">161</td><td>1371</td><td rowspan="2">0.1447</td><td><u>കിളിമാനൂർ കൊട്ടാരം വക</u><br>കിളിമാനൂർ കോയിതമ്പുരാൻ ശ്രീപണ്ടാര കാര്യംചെയ്യാർകൾ<br>മാനേജർ & മുക്തിയാർ ഹോൾഡർ<br>കിളിമാനൂർ പാലസ്</td><td rowspan="2">✓</td><td rowspan="2">✓</td><td rowspan="2">✓</td></tr>
<tr><td>18329</td><td><u>ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വക</u><br>1) എൽ.സി.രാമവർമ്മ<br>2) രാമവർമ്മ കോയിതമ്പുരാൻ<br>3) നീലകണ്ഠൻ നമ്പൂതിരി<br>4) രാമവർമ്മ കോയിതമ്പുരാൻ<br>5) രാജരാജവർമ്മ കോയിതമ്പുരാൻ<br>6) ലക്ഷ്മി തമ്പുരാട്ടി<br>7) രുഗ്മണി തമ്പുരാട്ടി മുതൽപേർ</td></tr>
<tr><td></td><td colspan="8">1) ഭൂമിയും കൃഷിയും<br>2) ഭൂമിയും നിർമ്മിതികളും<br>3) ഭൂമി, ചുറ്റുമതിൽ, മുതലായവ</td></tr>
</table>

പട്ടിക 5.1 പ്രകാരം ഭൂമിയും കൃഷികളും, നിർമ്മിതികളും ചുറ്റുമതിൽ, മുതലായവ പൂർണ്ണമായും ആഘാത ബാധിതമാണ്.

## 5.2 ഉടമസ്ഥാവകാശത്തിന്റെ കാലയളവ്

ആഘാതബാധിതരായ ഉടമസ്ഥർ ഭൂമിയും, നിർമ്മിതികളും തലമുറകളായി കൈവശം വെച്ച് അനുഭവിച്ച് വരുന്നവരാണ്. (1) കിളിമാനൂർ കൊട്ടാരം, (2) ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ എന്നീ കൊട്ടാരങ്ങളിലെ പിൻ തലമുറക്കാരാണ് നിലവിലെ ഉടമസ്ഥരെല്ലാവരും.

## 5.3 പരോക്ഷമായും ബാധിക്കുന്ന കുടുംബങ്ങൾ

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിന്റെ പ്രത്യാഘാതം പരോക്ഷമായി ആരേയും ബാധിക്കുന്നില്ല. ഏറ്റെടുക്കേണ്ട വസ്തുവഹകൾ പൂർണ്ണമായും സ്വകാര്യ ഭൂവസ്തുക്കളായതിനാലും, പുരാവസ്തു വകുപ്പിന്റെ സംരക്ഷിത പ്രദേശമായതിനാലും പൊതുജനങ്ങളേയോ, സ്ഥാപനങ്ങളേയോ ഏറ്റെടുക്കൽ നടപടികൾ ബാധിക്കുന്നില്ല.

## 5.4 ഉൽപ്പാദനക്ഷമമായ ആസ്തികൾ

അർത്ഥനാധികാരി നൽകിയിരിക്കുന്ന രേഖകൾ പ്രകാരം ആകെ 2 സർവ്വേ നമ്പറുകളിലായുള്ള 0.1447 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ 2 സർവ്വേ നമ്പറുകളിലുള്ള ഭൂമിയും, നിർമ്മിതികളും, വൃക്ഷങ്ങളും ഏറ്റെടുക്കേണ്ടിവരുന്നതാണ്. ഇവക്ക് അർഹമായ നഷ്ടപരിഹാരം നൽകേണ്ടിവരുന്നതാണ്.

## അദ്ധ്യായം – 6

## മൂടത്ത്മഠത്തിന്റെ ചരിത്രപരമായ സവിശേഷതകൾ

**ആമുഖം**

ചരിത്രപരമായി വളരെയധികം പ്രാധാന്യമുള്ളതും, പുരാതനുവുമായ മൂടത്ത്മഠത്തിനെ സംബന്ധിച്ചുള്ള സംക്ഷിപ്ത ചരിത്രവിവരണമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

### 6.1 മൂടത്ത്മഠത്തിന്റെ ചരിത്ര പ്രാധാന്യം

തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 560/139, 560/140 എന്നീ സർവ്വെ നമ്പറുകളിലുള്ള 14.47 ആർ (35.750 സെന്റ്) ഭൂവസ്തുവും, കേരളീയ വാസ്തുശിൽപ്പ ശൈലിയിൽ നിർമ്മിച്ചിരുന്ന കെട്ടിടവുമാണ് മൂടത്ത്മഠം. താഴെ പറയുന്ന അതിർത്തികൾക്കുള്ളിലാണ് പ്രസ്തുത ഭൂവസ്തു സ്ഥിതിചെയ്യുന്നത്.

| | |
|---|---|
| വടക്ക്: | പഴവങ്ങാടി ഫോർട്ട് ഹൈസ്കൂൾ റോഡ് |
| തെക്ക്: | രാജരാജേശ്വരി കല്യാണ മണ്ഠപവും, ശ്രീമണികണ്ഠേശ്വരം എയർപോർട്ട് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടറോഡ് |
| കിഴക്ക്: | മംഗളഭായി തമ്പുരാട്ടി, ഉണ്ണികൃഷ്ണവർമ്മ, സുധീർവർമ്മ, കൃഷ്ണകുമാർ, കെ.ആർ. രവിവർമ്മ, അപർണ്ണ എന്നീ അവകാശികളുള്ള ഭൂവസ്തു |
| പടിഞ്ഞാറ്: | ശീകണ്ഠേശ്വരം എയർപോർട്ട് റോഡ് |

കോയിക്കൽ തമ്പുരാൻമാർ വിഭാഗത്തിൽപ്പെട്ട കുടുംബക്കാരുടെ വകയാണ് മൂടത്ത്മഠങ്ങൾ. ഇത്തരത്തിൽ കിളിമാനൂർ മൂടത്ത്മഠം, ചങ്ങനാശ്ശേരി മൂടത്ത്മഠം, തിരുവല്ല മൂടത്ത്മഠം എന്നിങ്ങനെ മൂന്ന് മൂടത്ത്മഠങ്ങളാണുള്ളത്. 'മൂവിടത്ത് മഠം' എന്നും 'മുഹൂർത്ത മഠം' എന്നും രാജകുടുംബങ്ങളുമായി ബന്ധപ്പെട്ട കുടുംബ വൃത്തങ്ങളിൽ ഇവിടം അറിയപ്പെടുന്നു. വ്യത്യസ്ത മൂടത്ത്മഠങ്ങളുടെ കേന്ദ്രം എന്നതിനാലാവാം തിരുവനന്തപുരം കോട്ടക്കകം മൂടത്ത്മഠത്തിന് 'മൂവിടത്ത് മഠം' എന്നും, തിരുവിതാംകൂർ രാജകുടുംബത്തിലെ പെൺകുട്ടികളെ വിവാഹം കഴിക്കാനെത്തുന്ന വരൻമാർ മുഹൂർത്തത്തിന് കൊട്ടാരത്തിലേക്ക് പോകുന്നതുവരെയുള്ള സമയം കാത്തിരിക്കുന്ന സ്ഥലമായതിനാലാവാം 'മുഹൂർത്ത മഠം' എന്നും പേരുവന്നത് എന്നാണ് ചരിത്രഗവേഷകരുടെ പക്ഷം. മൂവിടത്ത് പോറ്റിമാർക്ക് തിരുവനന്തപുരത്ത് താമസിക്കാൻ കൽപ്പിച്ച് അനുവദിച്ച ആസ്ഥാനമായിരുന്നു മൂവിടത്തമഠം എന്നും അത് ക്രമേണ മൂടത്ത്മഠം എന്ന് അറിയപ്പെട്ടെന്നും പറയപ്പെടുന്നു.

**കിളിമാനൂർ മൂടത്ത്മഠം:** കിളിമാനൂർ കൊട്ടാരത്തിന്റെ വകയാണ്. കിഴക്കേ മൂടത്ത്മഠം എന്നും, പടിഞ്ഞാറേ മൂടത്ത്മഠം എന്നും രണ്ട് സ്ഥലങ്ങളുണ്ട്. കിഴക്കേ മൂടത്ത്മഠം ഇന്ന് രണ്ട് നില കെട്ടിടമായി ശ്രേയസ്സ് എന്ന പേരിൽ നിലവിലുണ്ട്. അതിന് പടിഞ്ഞാറ് വശത്തുള്ളതാണ് പടിഞ്ഞാറ് മൂടത്ത്മഠം. ലോക പ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മ ഇതിന്റെ ഭാഗമാണ്.

**ചങ്ങനാശ്ശേരി മൂടത്ത്മഠം:** ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരം, ഹരിപ്പാട് അനന്തപുരം കൊട്ടാരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരം എന്നിങ്ങനെ മൂന്ന് രാജകുടുംബക്കാരുടെ പൊതുസ്വത്താണ് ചങ്ങനാശ്ശേരി മൂടത്ത്മഠം. എ.പി.ആർ. വർമ്മ (സംഗീതജ്ഞൻ) സി.എ.

രവിവർമ്മ (ഗവേഷകൻ) എന്നീ പ്രഗൽഭരായവർ ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിന്റെ ഭാഗമാണ്. കേരളവർമ്മ വലിയ കോയിതമ്പുരാൻ (കേരള കാളിദാസൻ), രാജരാജവർമ്മ കോയിതമ്പുരാൻ (കേരള പാണിനി) തുടങ്ങിയ പ്രഗൽഭരായവർ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിന്റെ ഭാഗമാണ്. സ്വാതിതിരുനാൾ, അംബാദേവി തമ്പുരാട്ടി, സി. ആർ.ആർ. വർമ്മ, സി.കെ കേരള വർമ്മ തുടങ്ങിയ പ്രഗൽഭരായവർ ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരത്തിന്റെ ഭാഗമാണ്.

**തിരുവല്ല മൂടത്ത്മഠം:** തിരുവല്ല പാലിയേക്കര കൊട്ടാരം വകയായ തിരുവല്ല മൂടത്ത്മഠം അന്യാധീനപ്പെട്ടുപോയെന്നാണ് മനസ്സിലാക്കുന്നത്. രാജാ രവിവർമ്മ, പാർവ്വതിഭായി തമ്പുരാട്ടി, തിരുവാതിരനാൾ ഭാഗീരതി തമ്പുരാട്ടി തുടങ്ങിയ പ്രഗൽഭരായവർ തിരുവല്ല മൂടത്ത്മഠത്തിന്റെ ഭാഗമാണ്.

തിരുവിതാംകൂർ രാജകുടുംബത്തിലെ സ്ത്രീകളെ വിവാഹം കഴിച്ചിരുന്നത് മേൽപ്പറഞ്ഞ രാജകുടുംബങ്ങളിൽപ്പെട്ടവരാണ്. ഇക്കാലഘട്ടത്തിൽ മരുമക്കത്തായ സമ്പ്രദായമാണ് നിലനിന്നിരുന്നത്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഉൽസവാദി വിശേഷങ്ങൾക്കും, നവരാത്രി ഉൽസവത്തിനും കൊട്ടാരത്തിലെ അടിയന്തരങ്ങൾക്കുമായി ഈ കുടുംബങ്ങളിൽ നിന്നെത്തുന്നവർക്കും മറ്റ് അതിഥികൾക്കും, ഉപരിപഠനത്തിനായെത്തുന്ന വിദ്യാർത്ഥികൾക്ക് താമസത്തിനായും തിരുവിതാംകൂർ രാജകുടുംബം കോട്ടക്കകത്ത് പ്രത്യേകം നിർമ്മിച്ചനുവദിച്ച് നൽകിയ സ്ഥലമാണ് മൂടത്ത്മഠം.

തിരുവിതാംകൂർ രാജകുടുംബത്തിൽനിന്നും കൊല്ലവർഷം 1804 ൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ മാതാവ് ഗൗരീലക്ഷ്മിഭായിയെ ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിലെ രാജരാജവർമ്മ വിവാഹം ചെയ്തു. തുടർന്ന് അവർക്ക് താമസിക്കാൻ കിളിമാനൂർ പടിഞ്ഞാറേ മൂടത്ത്മഠം മഹാറാണി അനുവദിച്ച് നൽകി. ഇവരും ചങ്ങനാശ്ശേരി കൊട്ടാരത്തിലെ മറ്റ് അംഗങ്ങളും ഇവിടെ താമസിച്ച്വരികയും, ക്രമേണ ചങ്ങനാശ്ശേരി മൂടത്ത്മഠം എന്ന് അറിയപ്പെടുകയും ചെയ്തു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പിതാവ് മഹാപണ്ഡിതനായ ചങ്ങനാശ്ശേരി രാജരാജവർമ്മ, കേരളകാളിദാസൻ എന്നറിയപ്പെടുന്ന കേരളവർമ്മ വലിയ കോയിതമ്പുരാൻ മകംനാൾ രാജരാജവർമ്മ, കേരളവർമ്മ, കേരളപാണിനി എന്നറിയപ്പെടുന്ന രാജരാജവർമ്മ കോയിതമ്പുരാൻ, എൽ.പി.ആർ രാജരാജവർമ്മ തുടങ്ങി നിരവധി പ്രഗൽഭരായ വ്യക്തിത്വങ്ങൾ ഇവിടെ താമസിച്ചിരുന്നവരാണ്. കിളിമാനൂർ കൊട്ടാരത്തിലെ ലോകപ്രശസ്ത ചിത്രകാരനായ രാജരവിവർമ്മ ഈ മൂടത്തുമഠത്തിൽ താമസിച്ചാണ് ചിത്രരചന നടത്തിയതെന്ന് ചരിത്രഗ്രന്ഥങ്ങളിൽ പറയുന്നു.

കാലഗതികളിൽ ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരവും, ഹരിപ്പാട് അനന്തപുരം കൊട്ടാരവും, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരവും തമ്മിൽ പ്രസ്തുത മൂടത്ത്മഠം സംബന്ധിച്ച് അവകാശ തർക്കം ഉണ്ടാവുകയും, അവകാശതർക്കത്തിൻമേൽ ബഹു: സുപ്രീം കോടതിയിൽ വ്യവഹാരം എത്തുകയും തർക്കത്തിൽ കക്ഷികളായ മൂന്ന് ശാഖക്കാർക്കും തുല്യ അവകാശം കൽപ്പിച്ച് വിധി നൽകുകയും ചെയ്തു. എങ്കിലും കിളിമാനൂർ കൊട്ടാരവുമായി നിലനിൽക്കുന്ന അവകാശ തർക്കങ്ങളും വ്യവഹാരങ്ങളും കാരണം 100 വർഷത്തിലധികം പഴക്കമുള്ളതും, കേരളീയ വാസ്തുശിൽപ ശൈലിയിൽ നിർമ്മിച്ചതുമായ ഈ കെട്ടിടവും, ഭൂവസ്തുക്കളും ഇന്ന് ശരിയായ പരിപാലനം ഇല്ലാതെയും, സംരക്ഷിക്കപ്പെടാതേയും കാര്യമായ കേടുപാടുകൾ സംഭവിച്ച് ജീർണ്ണാവസ്ഥയിലാണുള്ളത്. ചരിത്രപ്രാധാന്യം കണക്കിലെടുത്ത് സ്മാരകമായി സംരക്ഷിച്ച് പരിപാലിക്കേണ്ട ഈ പുരാവശിഷ്ടം അതീവ പ്രാധാന്യത്തോടെ മുന്തിയ പരിഗണന നൽകി സംരക്ഷിക്കപ്പെടേണ്ടതാണ്. ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട്

നഗരാസൂത്രണത്തിൽ സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ച സ്ഥലത്താണ് മൂടത്ത്മഠം സ്ഥിതിചെയ്യുന്നത്. (ജി.ഒ.(എം.എസ്) നമ്പർ 144/07 എൽ.എസ്.ജി.ഡി തിയ്യതി 31 മെയ് 2007)

സംസ്ഥാന സർക്കാരിന്റെ 19 മാർച്ച് 2003 ലെ (ജി.ഒ.(പി) നമ്പർ 9/2003 സി.എ.ഡി) ഗസറ്റ് വിജ്ഞാപന നമ്പർ 522 തിയ്യതി 27 മാർച്ച് 2003 പ്രകാരം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ് മൂടത്ത്മഠം. വിവിധ കോടതികളിൽ വ്യവഹാരങ്ങൾ നിലനിന്നതിനാലും, അവകാശതർക്കങ്ങളിൽ ഉൾപ്പെട്ടിരുന്നതിനാലും സമയബന്ധിതമായി വിലനൽകി ഭൂവസ്തുക്കൾ ഏറ്റെടുക്കുന്നതിനും, സംരക്ഷണ പ്രവർത്തികൾ നടത്താനും സാധിക്കാത്ത അവസ്ഥയിലായി. 2005 മാർച്ച് 16 ലെ എ 2-3802/01/ സി.എ.ഡി. നമ്പറായി തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ പേരിൽ 30 ലക്ഷം രൂപ മൂടത്തുമഠം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേരള പുരാവസ്തു വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്.

## അദ്ധ്യായം – 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ

### 7.1 രൂപരേഖയും, സമീപനങ്ങളും

വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവസരത്തിൽ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ സൂഷ്മമായി വിശകലനം ചെയ്ത് പഠിക്കേണ്ടത് അനിവാര്യമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയുന്നതിനും, ആഘാതത്തിന്റെ തോത് കുറക്കുന്നതിനോ, ഇല്ലായ്മ ചെയ്യുന്നതിനോ ആവശ്യമായ സമീപന രീതികൾ കൈക്കൊള്ളുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സഹായകരമായി തീരുന്നു. തീരുമാനമെടുക്കൽ പ്രക്രീയക്ക് സഹായകരമായ വിവരങ്ങളും, വസ്തുതകളും ലഭിക്കുന്നതിനാൽ തീരുമാനമെടുക്കൽ പ്രക്രീയ സുഗമമാവുകയും, ആഘാതത്തിന്റെ തോത് പരമാവധി കുറക്കുന്നതിന് കാരണമായി തീരുകയും ചെയ്യുന്നു. നിർദ്ദിഷ്ട പഠനത്തിനായി ചിട്ടപ്പെടുത്തിയ രീതിയിൽ വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിക്കുകയും, റിപ്പോർട്ട് തയ്യാറാക്കുകയുമാണ് ചെയ്തത്.

### 7.2 പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം

**പട്ടിക 7.1 വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം**

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | ◆ കാലങ്ങളായുള്ള കോടതി വ്യവഹാരങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി ഇരുകക്ഷികളുമായുള്ള അനുരഞ്ജന ചർച്ചയും തുടർ നടപടികളും<br>◆ ഭൂമിയും, നിർമ്മിതികളും അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>◆ നിക്ഷേപിച്ച മാലിന്യങ്ങൾ നീക്കം ചെയ്ത്, സംരക്ഷിത കേന്ദ്രമാക്കി മാറ്റിയെടുക്കുക<br>◆ തൊഴിലാളികളുടെയും, പരിസരത്തുള്ള ഓഫീസുകളിൽ എത്തുന്നവരുടേയും, യാത്രക്കാരുടേയും അപകട സാധ്യതകളും, സുരക്ഷയും. |
| 2 | നിർമ്മാണ ഘട്ടം | ◆ ജീർണ്ണിച്ച് പോയ മൂടത്ത്മഠത്തിന്റെ അവശേഷിക്കുന്ന നിർമ്മിതികൾക്ക് കോട്ടം വരാതെയുള്ള വീണ്ടെടുപ്പ്<br>◆ ജീർണ്ണിച്ച് പോയ മൂടത്ത്മഠത്തിന്റെ ചരിത്ര പ്രാധാന്യത്തിനനുസരിച്ചുള്ള പുനരാവിഷ്കരണം<br>◆ വൈദഗ്ദ്യമുള്ള തൊഴിലാളികളെ കണ്ടെത്തി പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിലുള്ള പുനർനിർമ്മാണ പ്രവർത്തികൾ.<br>◆ തൊഴിലാളികളുടെയും, പരിസരത്തുള്ള ഓഫീസുകളിൽ എത്തുന്നവരുടേയും, യാത്രക്കാരുടേയും അപകട സാധ്യതകളും, സുരക്ഷയും. |

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 3 | പ്രവർത്തന ഘട്ടം | ◆ ചരിത്രപ്രാധാന്യമുള്ള സ്മാരകമായി നിലനിർത്തി മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കപ്പെടുന്നു<br>◆ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ, സന്ദർശകർ, പൊതുജനങ്ങൾ എന്നിവർക്ക് പുരാതനകാലത്തെ സംസ്കൃതിയെക്കുറിച്ച് അറിവ് പകരുന്നതിനുമുള്ള കേന്ദ്രമായി മാറ്റാൻ സാധിക്കുന്നു<br>◆ സംസ്ഥാന തലസ്ഥാനത്തെ പ്രധാന സന്ദർശന കേന്ദ്രങ്ങളിലൊന്നായി മാറ്റിയെടുക്കാൻ സാധിക്കുന്നു |

**ആഘാതബാധിതരുടെ തരം**

1) **പ്രാഥമീക ആഘാതബാധിതർ:-** ഭൂവസ്തുക്കളുടെ ഉടമസ്ഥർ
2) **ദ്വിതീയ ആഘാതബാധിതർ:-** ആഘാതബാധിതമായ സ്ഥലത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, സ്ഥാപനങ്ങളും, ഇടപാടുകാരും.

## 7.3 വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും

ഫീൽഡ് തലത്തിൽ നടത്തിയ പ്രാഥമീക സ്ഥിതിവിവര ശേഖരണത്തിന്റേയും, കേന്ദ്രീകൃത സംഘ ചർച്ചകളുടേയും, ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ നടത്തിയ വിശകലനത്തിൽ നിന്നും കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങളും അവയെ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക 7.2 സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും**

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | കിളിമാനൂർ കൊട്ടാരം വകയുള്ളതും<br>ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ<br>വകയുള്ളതുമായ 560/139,<br>560/140 എന്നീ സർവ്വേ<br>നമ്പറുകളിലുള്ളതും, 1371,<br>18329 എന്നീ തണ്ടപ്പേർ നമ്പറുകളിലുള്ളതുമായ 0.1447 ഹെക്ടർ ഭൂമി പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 2 | നിർമ്മിതികൾ നഷ്ടപ്പെടുന്നത് | മൂടത്ത്മഠം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ജീർണ്ണിച്ച് നാമാവശേഷമായ അവസ്ഥയിലുള്ള ചുറ്റുമതിൽ ഉൾപ്പെടെയുള്ള നിർമ്മിതികൾ പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള താഴെ പറയുന്ന വൃക്ഷങ്ങളെ ബാധിക്കുന്നു<br>1) തെങ്ങ് 18 എണ്ണം<br>2) പ്ലാവ് 1 എണ്ണം<br>3) ശീമപ്ലാവ് 1 എണ്ണം<br>4) അരയാൽ 1 എണ്ണം<br>5) പുളിമരം 2 എണ്ണം<br>6) പാഴ് വൃക്ഷങ്ങൾ 5 എണ്ണം | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | മൂടത്ത്മഠം | പുനരാവിഷ്കണം/ പുനർനിർമ്മാണം ആവശ്യമാണ് |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

### 7.4 പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി 2005 മാർച്ച് 16 ലെ എ 2-3802/01/ സി.എ.ഡി. നമ്പറായി തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ പേരിൽ 30 ലക്ഷം രൂപ മൂടത്തുമഠം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേരള പുരാവസ്തു വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കുന്ന അവസരത്തിൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കാവുന്നതാണ്.

### 7.5 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും

- പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി കിളിമാനൂർ കൊട്ടാരം വകയുള്ളതും, ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരങ്ങൾ വകയുള്ളതുമായ 560/139, 560/140 എന്നീ സർവ്വേ നമ്പറുകളിലുള്ളതും, 1371, 18329 എന്നീ തണ്ടപ്പേർ നമ്പറുകളിലുള്ളതുമായ 0.1447 ഹെക്ടർ ഭൂമി പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു.

- കാലങ്ങളായി കീഴ്കോടതികൾ മുതൽ സുപ്രീം കോടതി വരെ ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള കോടതി വ്യവഹാരങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി ഇരുകക്ഷികളുമായുള്ള അനുരഞ്ജന ചർച്ചയും തുടർ നടപടികളും ആവശ്യമായി വരുന്നതാണ്. പഴയ തലമുറയിൽപ്പെട്ട കുടുംബാംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പുതിയ തലമുറയിലെ കുടുംബാംഗങ്ങൾ സന്നദ്ധരാകുമെന്നും, ഇതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, വ്യവഹാരത്തിലെ കക്ഷികളുമായി ചർച്ച നടത്തി പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. വ്യവഹാരങ്ങൾ പിൻവലിച്ച് അനുരഞ്ജനത്തിലൂടെ അർഹമായ നഷ്ടപരിഹാര തുക അവകാശമുള്ള എല്ലാ ഭൂഉടമസ്ഥർക്കുമായി നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ സാധ്യമാവുകയും, മൂടത്തുമഠം സംരക്ഷിക്കുന്നതിനും സാധിക്കുന്നതാണ്.

- ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള കോടതി വ്യവഹാരങ്ങൾമൂലം ചരിത്രപ്രാധാന്യമുള്ള പുരാതനമായ ഈ സ്മാരകം ജീർണ്ണിച്ച് നാമാവശേഷമായ അവസ്ഥയിലാണുള്ളത്. നഗര പ്രാധാന്യമുള്ള സ്ഥലം ആവശ്യമായ സംരംക്ഷണം ഇല്ലാത്തതിനാൽ മാലിന്യ നിക്ഷേപ കേന്ദ്രമായി മാറിയിരിക്കുകയാണ്. ആയതിനാൽ ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അനുരഞ്ജന ചർച്ചകൾ അടിയന്തിരമായി വിളിച്ച് ചേർക്കുകയും പരിഹാരം സാധ്യമാകാതെ വരുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ അനന്തമായി നീണ്ടുപോകാതെ താമസംവിനാ ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

- പുനരധിവാസ, പുനസ്ഥാപന നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും, നിർമ്മിതികളും മുഴുവനായും ഏറ്റെടുക്കുകയും, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ

ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാര തുക വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

❖ ഭൂമി ഏറ്റെടുക്കൽ, നിർമ്മിതികൾ നീക്കം ചെയ്യൽ, വികസനം പ്രവർത്തികൾ നടത്തൽ മുതലായ അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

❖ പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുത്ത് സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോളേളണ്ടതാണ്.

**7.6 നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധം**

നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള സാമാന്യ അറിവ് ഇതിനോടകം തന്നെ പൊതുജനത്തിന് പ്രത്യേകിച്ചും ആഘാത ബാധിതരായവർക്ക് ഉണ്ട്. ഇത് പ്രധാനമായും റവന്യൂ, പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം, ജനപ്രതിനിധികളുടെ പൊതുജനങ്ങളുമായുള്ള ആശയവിനിമയം എന്നിവയിലൂടെ ലഭിച്ചതാണ്. കൂടാതെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി ടീം അംഗങ്ങൾ ആഘാതബാധിതരായവർക്ക് ആവശ്യമായ അറിവ് നൽകുകയും അവരുടെ സഹകരണം പരമാവധി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം – 8

## ഗുണദോഷ വിശകലനവും ശുപാർശകളും

### 8.1 അന്തിമ വിശകലനം

പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതിക്കായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള **'പൊതു ആവശ്യം'** എന്ന ശീർഷകത്തിൽ വരുന്നതാണ്. (1) കിളിമാനൂർ കൊട്ടാരം, (2) ചങ്ങനാശ്ശേരി ലക്ഷ്മിപുരം, ഹരിപ്പാട് അനന്തപുരം, ഹരിപ്പാട് ചെമ്പ്രോൾ എന്നീ കൊട്ടാരങ്ങളിലെ പിൻതുടർച്ചക്കാരാണ് തലമുറകളായി ഭൂസ്വത്തുക്കൾ കൈവശംവെച്ച് അനുഭവിച്ചുവരുന്നത്. എന്നാൽ ഭൂവസ്തുക്കളുടെ ഉടമസ്ഥതയെ ചൊല്ലിയുള്ള തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിനോ, മൂടത്ത്മഠം സംരക്ഷിക്കുന്നതിനോ സാധിച്ചിട്ടില്ല എന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് ഭൂമി ഏറ്റെടുക്കൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്. ഏറ്റെടുക്കൽ നടപടികൾക്കായി താഴെ പറയുന്ന ശുപാർശകൾ പരിഗണിക്കാവുന്നതാണ്:

- പുരാവസ്തു വകുപ്പിനുവേണ്ടി ഏറ്റെടുക്കേണ്ട ഭൂവസ്തു സർവ്വേ നമ്പർ 560/139, 560/140 എന്നിവ റവന്യൂ രേഖകളിൽ വ്യത്യസ്തങ്ങളായ രേഖപ്പെടുത്തലുകളുള്ളതും, അവകാശത്തെ സംബന്ധിച്ച് രണ്ട് കക്ഷികൾ തമ്മിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നതുമാണ്

- റീസർവ്വേ റിക്കാർഡുകളിൽ ഭൂവസ്തുക്കളുടെ ഉടമസ്ഥാവകാശം കിളിമാനൂർ കോയിതമ്പുരാൻ ശ്രീപണ്ടാര കാര്യംചെയ്യാർകൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

- വഞ്ചിയൂർ വില്ലേജിൽ 1371 തണ്ടപ്പേർ നമ്പറായി കിളിമാനൂർ കോയിതമ്പുരാൻ ശ്രീപണ്ടാര കാര്യംചെയ്യാർകൾ ഈ ഭൂവസ്തുവിന് കരം ഒടുക്കി വന്നിരുന്നതായും, 18329 തണ്ടപ്പേർ നമ്പറായി ചങ്ങനാശ്ശേരി വിഭാഗക്കാരായ കക്ഷികൾ പ്രസ്തുത ഭൂവസ്തുവിന് നിലവിൽ കരം ഒടുക്കി വരുന്നതായും വില്ലേജിൽ നിന്നും ലഭ്യമായ രേഖകളിൽ കാണുന്നു.

- സ്പെഷ്യൽ തഹസിൽദാർ ഉത്തരവുകളുടേയും, കോടതി വിധികളുടേയും അടിസ്ഥാനത്തിലാണ് ഉടമസ്ഥതാ വ്യത്യാസവും, കരം ഒടുക്കലും മാറിമാറി വന്നിട്ടുള്ളത്.

- സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിക്കുന്നതുവരെ ഉടമസ്ഥാവകാശം സംബന്ധിച്ച വ്യവഹാരങ്ങൾ തീർപ്പാക്കിയിട്ടില്ല എന്ന് മനസ്സിലാക്കുന്നു.

- ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള കോടതി വ്യവഹാരങ്ങൾമൂലം ചരിത്രപ്രാധാന്യമുള്ള പുരാതനമായ ഈ സ്മാരകം ജീർണ്ണിച്ച് നാമാവശേഷമായ അവസ്ഥയിലാണുള്ളത്. നഗര പ്രാധാന്യമുള്ള സ്ഥലം ആവശ്യമായ സംരംക്ഷണം ഇല്ലാത്തതിനാൽ മാലിന്യ

നിക്ഷേപ കേന്ദ്രമായി മാറിയിരിക്കുകയാണ്. ആയതിനാൽ ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അനുരഞ്ജന ചർച്ചകൾ അടിയന്തിരമായി വിളിച്ച് ചേർക്കുകയും പരിഹാരം സാധ്യമാകാതെ വരുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ അനന്തമായി നീണ്ടുപോകാതെ താമസംവിനാ ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

- കാലങ്ങളായി കീഴ്കോടതികൾ മുതൽ സുപ്രീം കോടതി വരെ ഉടമസ്ഥാവകാശത്തെ ചൊല്ലിയുള്ള കോടതി വ്യവഹാരങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി ഇരുകക്ഷികളുമായുള്ള അനുരഞ്ജന ചർച്ചയും തുടർ നടപടികളും ആവശ്യമായി വരുന്നതാണ്. പഴയ തലമുറയിൽപ്പെട്ട കുടുംബാംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പുതിയ തലമുറയിലെ കുടുംബാംഗങ്ങൾ സന്നദ്ധരാകുമെന്നും, ഇതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, വ്യവഹാരത്തിലെ കക്ഷികളുമായി ചർച്ച നടത്തി പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. വ്യവഹാരങ്ങൾ പിൻവലിച്ച് അനുരഞ്ജനത്തിലൂടെ അർഹമായ നഷ്ടപരിഹാര തുക അവകാശമുള്ള എല്ലാ ഭൂഉടമസ്ഥർക്കുമായി നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ സാധ്യമാവുകയും, മൂടത്തുമഠം സംരക്ഷിക്കുന്നതിനും സാധിക്കുന്നതാണ്.

## അദ്ധ്യായം – 9

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ സ്ഥാപനപരമായ ചട്ടക്കൂട്

### 9.1 സ്ഥാപന ഘടനയും, പ്രധാന വ്യക്തികളും

അഘാത ബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, തൊഴിലാളികൾക്കുമുള്ള പുനരധിവാസ, പുനസ്ഥാപന പ്രവർത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണെമെന്നാണ് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇത്തരത്തിൽ നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും, പുനരധിവാസ, പുനസ്ഥാപന കമ്മീഷണറുടേയും മേൽനോട്ടത്തിലും, നിയന്ത്രണത്തിലും, നിർദ്ദേശങ്ങൾ അനുസരിച്ചും പുനരധിവാസ, പുനസ്ഥാപന പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണെന്നും, ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

2013 ലെ നിയമം അനുശാസിക്കുന്ന തരത്തിൽ അർഹമായ നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കാൻ സാധിക്കുന്നതാണ്. ഉടമസ്ഥാവകാശത്തെ ചൊല്ലി കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ വ്യവഹാരത്തിലെ കക്ഷികളെ അനുരഞ്ജിപ്പിക്കാൻ സർക്കാർ മുൻകൈയെടുത്ത് നടപടികൾ സ്വീകരിച്ചാൽ നാമാവശേഷമാകുന്ന ചരിത്രപ്രാധാന്യമുള്ള മൂടത്ത്മഠം സംരക്ഷിക്കാൻ സാധിക്കും.

സംസ്ഥാന സർക്കാരിന്റെ 23 സെപ്റ്റംബർ 2015 ലെ ഉത്തരവ് (എം.എസ്) നമ്പർ 485/2015/ആർ.ഡി, സംസ്ഥാന സർക്കാരിന്റെ ഭൂമിഏറ്റെടുക്കലിൽ സുതാര്യതക്കായുള്ള നയം എന്നിവ സുപ്രധാന രേഖകളാണ്.

ജില്ലാതല ന്യായവില, പുനരധിവാസ, പുനസ്ഥാപന കമ്മിറ്റി താഴെ പറയുന്നവരെ ഉൾപ്പെടുത്തിയാണ് രൂപീകരിച്ചിരിക്കുന്നത്:

- ★ ജില്ലാ കളക്ടർ
- ★ അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനസ്ഥാപനം)
- ★ ലാന്റ് അക്വിസിഷൻ ഓഫീസർ
- ★ ഫൈനാൻസ് ഒഫീസർ
- ★ അർഥനാധികാരി
- ★ പ്രാദേശിക സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രതിനിധി.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട്

**പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി**

# അനുബന്ധം

## പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി

©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

**അസാധാരണം**
EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

വാല്യം 8 / Vol. VIII — തിരുവനന്തപുരം, ബുധൻ / Thiruvananthapuram, Wednesday — 2019 മാർച്ച് 13 / 13th March 2019 — 1194 കുംഭം 29 / 29th Kumbham 1194 — 1940 ഫാൽഗുനം 22 / 22nd Phalguna 1940 — നമ്പർ / No. 690

ഫോറം 4

[ചട്ടം 11 (3) കാണുക]

**വിജ്ഞാപനം**

നമ്പർ കെ.6-9242/18. *തിരുവനന്തപുരം, 2019 മാർച്ച് 5.*

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് പുരാവസ്തു വകുപ്പിനുവേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യം ഉണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും;

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആക്ട് 2013-ലെ (2013-ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്;

92/939/2019/S-11.

2

ആയതിനാൽ, ആക്ടിൽ പരാമർശിക്കുംപ്രകാരം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ പ്ലാനെറ്റ് കേരള, റ്റി. സി. 8/1378(8), ശ്രീബാബ ലെയ്ൻ, വലിയവിള, തിരുമല പി. ഒ., തിരുവനന്തപുരത്തിന് അനുമതി നൽകിയിരുന്നു. ടി പ്രവൃത്തി മൂന്ന് മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആറുമാസത്തിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

പട്ടിക

*ജില്ല*—തിരുവനന്തപുരം.

*താലൂക്ക്*—തിരുവനന്തപുരം. *വില്ലേജ്*—വഞ്ചിയൂർ.

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| *ക്രമ നമ്പർ* | *ബ്ലോക്ക് നമ്പർ* | *റീ-സർവ്വേ നമ്പർ* | *വിവരണം* | *വിസ്തീർണ്ണം (ഹെക്ടറിൽ)* |
|---|---|---|---|---|
| 1 | 161 | 560/139 | പുരയിടം | 0.1447 |
| 2 | | 560/140 | പുരയിടം | |

(ഒപ്പ്)

*ജില്ലാ കളക്ടർ.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

അനുബന്ധം 2

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുവേണ്ടിയുള്ള സാമൂഹ്യ സാമ്പത്തിക സർവ്വേ ഫോറം

| | | | | | |
|---|---|---|---|---|---|
| ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പേര് | | | പുരാവസ്തു വകുപ്പിനുവേണ്ടി മൂടത്തുമഠം ഏറ്റെടുക്കൽ പദ്ധതി | | |
| ജില്ല | തിരുവനന്തപുരം | താലൂക്ക് | തിരുവനന്തപുരം | വില്ലേജ് | വഞ്ചിയൂർ |

| | |
|---|---|
| SIA സൂചന നമ്പർ | കെ 4 - 80022/2016 |
| അഭിമുഖം നടത്തിയ വ്യക്തിയുടെ പേര് | |
| സർവ്വെ നടത്തിയ തീയതി | |
| സൂപ്പർവൈസറുടെ പേര് | |

| | |
|---|---|
| വിവരദാതാവിന്റെ പേര് | |
| ആഘാതബാധിതനായ വ്യക്തിയുടെ പേര് (മുകളിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ) | |
| വിലാസം പിൻ കോഡ് ഉൾപ്പെടെ (പദ്ധതി ബാധിത പ്രദേശത്ത് കൃത്യമായി എവിടെയെന്ന് രേഖപ്പെടുത്തുക) | |
| ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ | |
| ബന്ധപ്പെടുവാനുള്ള മൊബൈൽ നമ്പർ | |
| ഉടമസ്ഥന്റെ ഐഡന്റിറ്റി കാർഡ് വിവരങ്ങൾ (ഏതെങ്കിലും ഒന്ന്) | |
| ആധാർ നമ്പർ | |
| റേഷൻ കാർഡ് നമ്പർ | |
| പാസ്പോർട്ട് നമ്പർ | |
| ഇലക്ഷൻ ഐഡി നമ്പർ | |

| **Q.1** | **വസ്തു വിവരങ്ങൾ – സർവ്വെ വിവരങ്ങൾ** | | | | |
|---|---|---|---|---|---|
| ബ്ലോക്ക് നമ്പർ | | സർവ്വെ നമ്പർ | | തണ്ടപ്പേർ നമ്പർ | |
| കൈവശമുള്ള വസ്തുവിന്റെ ആകെ അളവ് (ആർ) | | | | | |
| ഏറ്റെടുക്കുന്ന വസ്തുവിന്റെ അളവ് (ആർ) | | | | | |
| കുറിപ്പ് : ഒന്നിൽ കൂടുതൽ വസ്തു ഉണ്ടെങ്കിൽ കൂടുതൽ പേജ് ഉപയോഗിക്കുക | | | | | |

| **Q.2** | **തിരിച്ചറിയൽ** | | |
|---|---|---|---|
| നഗരം/പട്ടണം | തിരുവനന്തപുരം | | |
| പ്രദേശം/സ്ഥലം/പഞ്ചായത്ത് | | വില്ലേജ് | |
| ഡിവിഷൻ/വാർഡ് പേര് | | വാർഡ് നമ്പർ | |

| **Q.3** | **വിവരദാതാവ്** | | | | |
|---|---|---|---|---|---|
| ഉടമ | 1 | വാടകക്കാരൻ (താമസം) | 2 | വാടകക്കാരൻ (വാണിജ്യം) | 3 |

| **Q.4** | **ഏറ്റെടുക്കേണ്ട വസ്തുവിന്റെ നിലവിലെ ഉപയോഗം** | | | | |
|---|---|---|---|---|---|
| വീട് മാത്രം | 1 | വാണിജ്യം മാത്രം | 2 | വീടും, വാണിജ്യവും | 3 |
| നിർമ്മിക്കുന്നത് | 4 | ഭൂമി മാത്രം | 5 | ഭൂമിയും കൃഷിയും | 6 |
| സ്കൂൾ | 7 | വ്യവസായം | 8 | തുറസ്സായ സ്ഥലം | 9 |
| ട്രസ്റ്റ് | 10 | മതപരം | 11 | പൊതു ആവശ്യം | 12 |
| സർക്കാർ ഭൂമി | 13 | PHC/Hospital/Dispensary | 14 | മറ്റുള്ളവ (വിവരം) | 99 |

| Q.5 | ഏറ്റെടുക്കേണ്ട വസ്തുവിന്റെ തരം | | | | |
|---|---|---|---|---|---|
| ഭൂമി മാത്രം | 1 | നിർമ്മിതി | 2 | ഭൂമിയും, നിർമ്മിതിയും | 3 |

| Q.6 | ഏറ്റെടുക്കേണ്ട വസ്തുവിന്റെ ഉടമസ്ഥത | | | | |
|---|---|---|---|---|---|
| സ്വകാര്യ ഭൂമി | 1 | സർക്കാർ ഭൂമി | 2 | പൊതുമേഖല ഭൂമി | 3 |

| Q.7 | കൈവശ സ്വഭാവം | | | | |
|---|---|---|---|---|---|
| ഭൂമി ഉടമസ്ഥൻ | 1 | പാട്ടം | 2 | കൈയ്യേറ്റം | 3 |
| കുടിയേറ്റം | 4 | മാടക്കട | 5 | മറ്റുള്ളവ (വിവരം) | 6 |

| Q.8 | ആധാരം/ പട്ടയം ഉടമസ്ഥന്റെ വിവരങ്ങൾ | | |
|---|---|---|---|
| വസ്തു ഉടമസ്ഥന്റെ പേര് | | | |
| കുടുംബനാഥ/ൻ മായുള്ള ബന്ധം | | | |
| എങ്ങനെ ആർജ്ജിച്ചതാണ് | | പൈതൃകം | 1 |
| | | വാങ്ങിയത് | 2 |
| | | കൈയ്യേറ്റം/ കുടിയേറ്റം | 3 |
| | | മറ്റുള്ളവ (വിവരം) | 4 |
| എന്ന് മുതൽ കൈവശം ഉണ്ട് (മാസം/വർഷം) | | | |
| പ്രമാണം രജിസ്റ്റർ ചെയ്തത് (മാസം/വർഷം) | | | |
| അതിർത്തി | കിഴക്ക് | | |
| | വടക്ക് | | |
| | പടിഞ്ഞാറ് | | |
| | തെക്ക് | | |
| കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നടത്തിയ കൈമാറ്റങ്ങൾ | | | |
| നിലവിൽ വീട്/കെട്ടിടം വാടകക്ക് നൽകിയിട്ടുണ്ടോ | | | |
| നിലവിൽ എത്ര വാടകക്കാർ ഉണ്ട് | | | |

| Q.9 | എത്ര കാലമായി താമസിക്കുന്നു/ഉപയോഗിക്കുന്നു | | | | |
|---|---|---|---|---|---|
| താമസം തുടങ്ങിയ മാസം/വർഷം | | | പ്രമാണ രജിസ്റ്റർ തിയ്യതി | | |
| ഒരു വർഷത്തിൽ താഴെ | 1 | 1 – 2 വർഷം | 2 | 2 – 3 വർഷം | 3 |
| 3 – 4 വർഷം | 4 | 4 – 5 വർഷം | 5 | 5 വർഷത്തിൽ കൂടുതൽ | 6 |

| Q.10 | പ്രത്യാഘാതം | | | | |
|---|---|---|---|---|---|
| ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരം | പൂർണമായും | 1 | ഭാഗീകമായി | 2 | |
| പദ്ധതി നടത്തിപ്പിന് ശേഷം ഭൂമി ഉപയോഗ യോഗ്യമാണോ | അതെ | 1 | അല്ല | 2 | |
| ഭൂമി ഏറ്റെടുത്താൽ മറ്റൊരിടത്തേക്ക് മാറേണ്ടി വരുമോ | അതെ | 1 | അല്ല | 2 | |

| Q.11 | ബാധിക്കുന്ന നിർമ്മിതിയുടെ ഘടന | | | | | | |
|---|---|---|---|---|---|---|---|
| മേൽക്കൂര (R) | | ഭിത്തി (W) | | തറ (F) | | അതിർത്തി (B) | |
| കോൺക്രീറ്റ് | 1 | ഇഷ്ടിക | 1 | കോൺക്രീറ്റ് | 1 | ഇഷ്ടിക | 1 |
| പുല്ല്/ഓല മേഞ്ഞത് | 2 | മരം | 2 | സിമന്റ് | 2 | മുള്ള് കമ്പി | 2 |
